# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## എടത്വ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020



കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.എ.എൽ.പി-P1/214/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 27/03/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടത്വ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : എടത്വ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടത്വ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എ.എൽ.പി-P1/214/2022 തീയ്യതി: 27/03/2022

## ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-02-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ആർ.രാജീവ് | ഡപ്യൂട്ടി ഡയറക്ടർ | 07-02-2022 | 17-02-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-02-2022 | 17-02-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജിതാ ദാസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ദീപാ കെ ഗോപാൽ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുഷ.റ്റി പിള്ള, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷിബു.എ.പി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ടീനു ടോം. ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ആനി ഈപ്പൻ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ബി.ബാലകൃഷ്ണ പിള്ള | സെക്രട്ടറി | 01-04-2019 | 25-04-2019 |
| ശ്രീ.കെ.എച്ച്.സലിം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-04-2019 | 24-05-2019 |

| | | | |
|---|---|---|---|
| ശ്രീ.ബി.ബാലകൃഷ്ണ പിള്ള | സെക്രട്ടറി | 25-05-2019 | 11-07-2019 |
| ശ്രീ.ജി.രാജേന്ദ്രൻ | സെക്രട്ടറി | 11-07-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. പ്രിയ. എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 28-08-2019 |
| വേക്കന്റ് | അസിസ്റ്റന്റ് എഞ്ചിനീയർ | 29-08-2019 | 03-09-2019 |
| ശ്രീമതി. ഒസീല ബീവി | അസിസ്റ്റന്റ് എഞ്ചിനീയർ | 04-09-2019 | 31-03-2020 |
| ശ്രീ. ജ്യോതിമോൻ പി.ബി | വെറ്റിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി. സ്മിത എസ്.ഡി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. സിനി. സി. ജോസഫ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2019 | 31-03-2020 |
| ഡോ.ശ്രീദേവി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2019 | 31-03-2020 |
| ഡോ.ബിന്ദുശ്രീ. എൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2019 | 31-03-2020 |
| ശ്രീമതി. സുധർമ്മ കെ.പി | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.എസ് | 01-04-2019 | 31-03-2020 |
| ശ്രീ. ദിനൽരാജ് വി.എച്ച് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. സലിം കെ.എച്ച് | അസി. സെക്രട്ടറി | 01-04-2019 | 12-07-2019 |
| വേക്കന്റ് | അസി. സെക്രട്ടറി | 13-07-2019 | 22-07-2019 |
| ശ്രീമതി. വൽസമ്മ വി. എൽ | അസി. സെക്രട്ടറി | 23-07-2019 | 31-03-2020 |
| ശ്രീമതി. സിനി. എസ്. നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 06-02-2020 |
| ശ്രീമതി. രാജി.ആർ. നായർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 07-02-2020 | 31-03-2020 |
| ശ്രീമതി.ഐശ്വര്യ റ്റി | കൃഷി ഓഫീസർ | 01-04-2019 | 06-07-2019 |
| ശ്രീമതി.നിവേദിത എം.എസ് | കൃഷി ഓഫീസർ | 08-07-2019 | 03-09-2019 |
| ശ്രീമതി.ഐശ്വര്യ റ്റി | കൃഷി ഓഫീസർ | 04-09-2019 | 20-09-2019 |
| വേക്കന്റ് | കൃഷി ഓഫീസർ | 21-09-2019 | 23-09-2019 |
| ശ്രീ. പ്രദീപ്. പി. വി | കൃഷി ഓഫീസർ | 24-09-2019 | 07-11-2019 |
| ശ്രീമതി.ഐശ്വര്യ റ്റി | കൃഷി ഓഫീസർ | 08-11-2019 | 16-12-2019 |
| ശ്രീമതി.ജനിഷ് റോസ് | കൃഷി ഓഫീസർ | 16-12-2019 | 19-12-2019 |

| | | | |
|---|---|---|---|
| ജേക്കബ് | | | |
| ശ്രീമതി.ആൻസി എ. എസ് | കൃഷി ഓഫീസർ | 20-12-2019 | 05-02-2020 |
| വേക്കന്റ് | കൃഷി ഓഫീസർ | 06-02-2020 | 10-02-2020 |
| ശ്രീമതി.ചൈതന്യ | കൃഷി ഓഫീസർ | 11-02-2020 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പര്‍ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sajitha Das (Audit Officer (HG), On 16-02-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-03-2022) | 1-1 |
| 2 | വാര്‍ഷിക ധനകാര്യ പത്രിക<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 23-03-2022) | 1-2 |
| 3 | വാര്‍ഷിക ധനകാര്യ പത്രികയിലെ അപാകങ്ങള്‍<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-03-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sajitha Das (Audit Officer (HG), On 16-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 24-03-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം (എസിആര്‍ പ്രകാരം)<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 24-03-2022) | 1-4 |
| 6 | പദ്ധതി അവലോകനം.<br>Written By: Sajitha Das (Audit Officer (HG), On 16-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 16-02-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 24-03-2022) | 1-6 |
| 8 | ക്ഷേമപദ്ധതികള്‍<br>Written By: Sajitha Das (Audit Officer (HG), On 16-02-2022)<br>Last Updated By: Rajeev R (Deputy Director, On 19-02-2022) | 1-7 |
| 9 | ക്യാഷ് ബാലന്‍സ് പരിശോധന<br>Written By: A.P.Shibu (Senior Grade Auditor, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണ സംവിധാനം<br>Written By: Sajitha Das (Audit Officer (HG), On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-9 |
| 11 | രസീത് പരിശോധനയിലെ അപാകതകള്‍<br>Written By: Teenu Tom (Auditor, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-10 |
| 12 | തൊഴില്‍ നികുതി ഈടാക്കിയില്ല<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 23-03-2022) | 1-11 |
| 13 | പെട്രോള്‍ പമ്പുകളില്‍ നിന്നും ലൈസന്‍സ് ഫീസ് കുറവ് ഈടാക്കുന്നു<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: T.M Roy (Senior Grade Auditor, On 20-03-2022) | 1-12 |
| 14 | വാടകകുടിശ്ശിക ഈടാക്കാന്‍ നടപടികളില്ല.<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-13 |
| 15 | ഇ-ടെണ്ടര്‍ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടര്‍ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 17-02-2022)<br>Last Updated By: Rajeev R (Deputy Director, On 19-02-2022) | 1-14 |
| 16 | സാമൂഹ്യ പെന്‍ഷന്‍ അപാകതകള്‍ സംബന്ധിച്ച്<br>Written By: A.P.Shibu (Senior Grade Auditor, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-15 |
| 17 | പഞ്ചായത്ത് ഓഫീസില്‍ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കല്‍ - കൃത്യമായ ബില്ലും വാറന്റി രേഖകളും കട്ടേഷന്‍ പ്രകാരമുള്ള പ്രവര്‍ത്തിയും ചെയ്യാതെയും തുക നല്‍കി<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 19-02-2022) | 1-16 |
| 18 | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിങ് - ഗ്രാമപഞ്ചായത്ത് കമ്മറ്റി ചെലവ് അംഗീകരിച്ചില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022) | 1-17 |

| | | |
|---|---|---|
| | Last Updated By: Deepa.K.Gopal (Asst. Audit Officer, On 24-03-2022) | |
| 19 | നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 19-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 24-03-2022) | 1-18 |
| 20 | ഫോട്ടോ കോപ്പിയർ വാങ്ങൾ -ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല<br>Written By: A.P.Shibu (Senior Grade Auditor, On 18-02-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 18-02-2022) | 1-19 |
| 21 | ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 24-03-2022) | 1-20 |
| 22 | വാഹനം അറ്റകുറ്റപ്പണിയ്ക്ക് വർക് ഷോപ്പിലായിരുന്ന ദിവസങ്ങളിൽ ഡ്രൈവർക്ക് വേതനം അനുവദിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-21 |
| 23 | മഴക്കാല പൂർവ്വശുചീകരണം -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 24-03-2022) | 1-22 |
| 24 | വാർഡ് 2ൽ പുതുവൽ എസ്.സി കോളനി കൽകെട്ട് (SO178/18-19, 130/19-20) - അളവിൽ അധികരിച്ച് പിൻവലിച്ച തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി.<br>Written By: Sajitha Das (Audit Officer (HG), On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-02-2022) | 1-23 |
| 25 | ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികൾ - ബാരൽ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുന്നില്ല.<br>Written By: Sajitha Das (Audit Officer (HG), On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-02-2022) | 1-24 |
| 26 | പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയതിൽ കുറവ്.<br>Written By: Sajitha Das (Audit Officer (HG), On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-02-2022) | 1-25 |
| 27 | മാർക്കറ്റിലെ RDB സ്റ്റാൾ റൂഫ് വർക്ക് ചെയ്യൽ,so078/18 - പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചിട്ടില്ല<br>Written By: Sajitha Das (Audit Officer (HG), On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-02-2022) | 1-26 |
| 28 | തുടർസാക്ഷരതാ പ്രവർത്തനം - പഠിതാക്കളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-27 |
| 29 | ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 19-02-2022) | 1-28 |
| 30 | പോസ്റ്റിൽ കയറി ബൾബ് സ്ഥാപിയ്ക്കൽ - കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങൾ പൂർണ്ണമായും സ്ഥാപിച്ചതിനെ സാധൂകരിയ്ക്കുന്ന രേഖകളില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 19-02-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 24-03-2022) | 1-29 |
| 31 | കാലിത്തീറ്റ സബ്സിഡി -ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയായില്ല<br>Written By: Teenu Tom (Auditor, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-30 |
| 32 | പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 23-03-2022) | 1-31 |
| 33 | കോയിൽമുക്ക്, ചങ്ങംകരി എൽ.പി.സ്കൂളുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - ഓഫറുകളിലെ സ്പെസിഫിക്കേഷനിൽ ഏകീകൃത സ്വഭാവമില്ല – കുറഞ്ഞ ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022) | 1-32 |

| | | |
|---|---|---|
| | Last Updated By: Deepa.K.Gopal (Asst. Audit Officer, On 19-02-2022) | |
| 34 | കന്ന് കുട്ടി പരിപാലനനം - പ്രോജക്ട് നടപ്പാക്കിയിട്ടില്ല<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 17-02-2022) | 1-33 |
| 35 | എസ്.എസ്.എ. വിഹിതം - ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ തുകയും വിനിയോഗസാക്ഷ്യപത്രത്തോടൊപ്പമുള്ള ചെലവ് പത്രികയിലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1- 34 |
| 36 | എസ്.ജി.എസ്.റ്റി. , സി.ജി.എസ്.റ്റി. ഒടുക്കുവാനായി പിൻവലിച്ച തുകയുടെ അടവ് - രേഖകൾ ലഭ്യമാക്കിയില്ല – തുക തടസ്സപ്പെടുത്തുന്നു<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 1-35 |
| 37 | ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഡേറ്റാ എൻട്രി - ആവശ്യകത ബോധ്യപ്പെടുത്തിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 18-02-2022) | 1-36 |
| 38 | വസ്തുനികുതി ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിനുള്ള തുക കുടുംബശ്രീ പ്രവർത്തകർക്ക് നൽകിയ തുകയുടെ വിതരണവിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു.<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 18-02-2022) | 1-37 |
| 39 | ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം - നിയമനത്തിന്റെ ആവശ്യകത വിശദീകരിച്ചില്ല – തുക തടസ്സപ്പെടുത്തുന്നു.<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 18-02-2022) | 1-38 |
| 40 | റീ.ബിൽഡ് കേരളയുടെ ഭാഗമായുള്ള ഡേറ്റാ എൻട്രി നടത്തിയതിന് ചെലവഴിച്ച തുക - പഞ്ചായത്ത് ഫണ്ടിലേക്ക് റീ ക്രൂപ്പ് ചെയ്ത് ലഭിച്ചതിന്റെ രേഖകൾ ലഭിച്ചില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 18-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 24-03-2022) | 1-39 |
| 41 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി- ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നു<br>Written By: Susha.T.Pillai (Asst. Audit Officer, On 18-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 19-02-2022) | 1-40 |
| 42 | ഹരിത കർമ്മസേന പ്രവർത്തനം നിലച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 19-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 19-02-2022) | 1-41 |
| 43 | ലൈഫ് പദ്ധതി അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 19-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 19-02-2022) | 1-42 |
| 44 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം<br>Written By: Susha.T.Pillai (Asst. Audit Officer, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 19-02-2022) | 1-43 |
| 45 | ലൈൻ എക്സ്റ്റൻഷൻ - പ്രവർത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 24-03-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 24-03-2022) | 1-44 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | കോയിൽമുക്ക്, ചങ്ങംകരി എൽ.പി.സ്കൂളുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - ഓഫറുകളിലെ സ്പെസിഫിക്കേഷനിൽ ഏകീകൃത സ്വഭാവമില്ല – കുറഞ്ഞ ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല<br>Written By: Deepa.K.Gopal (Asst. Audit Officer, On 19-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 19-02-2022) | 3-1 |
| 2 | വാഹനം അറ്റകുറ്റപ്പണിയ്ക്ക് വർക് ഷോപ്പിലായിരുന്ന ദിവസങ്ങളിൽ ഡ്രൈവർക്ക് | 3-2 |

| | | |
|---|---|---|
| | വേതനം അനുവദിച്ചു<br>Written By: Deepa.K.Gopal (Asst. Audit Officer, On 19-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 19-02-2022) | |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 19-02-2022) | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Susha.T.Pillai (Asst. Audit Officer, On 24-03-2022) | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 4-3 |
| 4 | വായ്പ / വായ്പ തിരിച്ചടവ്<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Sajitha Das (Audit Officer (HG), On 18-02-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: Deepa.K.Gopal (Asst. Audit Officer, On 24-03-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: A.P.Shibu (Senior Grade Auditor, On 17-02-2022)<br>Last Updated By: A.P.Shibu (Senior Grade Auditor, On 17-02-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 26.02.2019 ലെ I(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 222140570 | 220444570 |
| വാർഷിക കണക്ക് (RP സ്റ്റേറ്റ്മെന്റ് പ്രകാരം) | 51501964 | 54138557 |
| ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരം | 78601450 | 83286402 |

ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകളും ഇൻകം ആന്റ് എക്സ്പെൻഡീച്ചർ പത്രിക പ്രകാരമുള്ള വരവ്- ചെലവുകളും തമ്മിൽ 15 കോടിയുടെ വ്യത്യാസമാണുള്ളത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാംവകുപ്പ്, ഉപവകുപ്പ് (1) അനുസരിച്ച് ഈ നിയമത്തിലെ 175-ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും,അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്കുണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദേശങ്ങൾ ഓരോ വർഷവും ജനവരി 15ന് മുൻപായി ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും, അതതുവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥന്മാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും,അത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഘടക സ്ഥാപനങ്ങളോ മററ് സ്റ്റാന്റിംഗ് കമ്മററികളോ ഇപ്രകാരം ബഡ്ജറ്റ് നിർദ്ദേശങ്ങൾ നൽകിയിട്ടില്ല. ഗ്രാമസഭ, വർക്കിംഗ് ഗ്രൂപ്പ് എന്നിവയിലൊന്നും തന്നെ ഇപ്രകാരം നിർദ്ദേശങ്ങൾ ഉണ്ടായിട്ടില്ല. ബജറ്റ് മാനുവൽ പ്രകാരം തയ്യാറാക്കേണ്ടുന്ന പെർഫോമൻസ് ബജറ്റ്, ജന്റർ ബജറ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല.

### 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2019-20 | 31.07.2021 | 22.04.20 |

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

2019-20 വാർഷിക കണക്ക് പരിശോധനയിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

1.B4 ഷെഡ്യൂളിൽ ഉൾപ്പെട്ട ചുവടെ ചേർക്കുന്ന തുകകൾ വർഷങ്ങളായി ചെലവഴിക്കാതെ നീക്കിയിരിപ്പായി അവശേഷിക്കുന്നു .

| കോഡ് നം | ഇനം | തുക |
|---|---|---|
| 320100102 | SGSY | 768215 |
| 320100199 | Grants Funds& Contributions For Specific Putpose -Central Govt. | 348569 |
| 320200309 | Literacy Scheme Grant | 1828 |
| 320200311 | Flood Relief Grant | 202002 |
| 320200321 | Nabard Assistance | 53739 |
| 320400199 | Grants Funds& Contributions For Specific Putpose -Other Financial Institutions | 1820642 |

2.B4 ഷെഡ്യൂളിൽ കോഡ്.നം.320800101 പ്രകാരം 77251/- രൂപ ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പുണ്ട്. ഇത് ഏതൊക്കെ പദ്ധതികളുടേതാണെന്നും തുടർ വർഷത്തിൽ ഇത് വിനിയോഗിച്ചിട്ടുണ്ടോ എന്നും വ്യക്തമല്ല.

3.B5 ഷെഡ്യൂൾ കോഡ് 330500202 HUDCO Loan – ഇനത്തിലെ നീക്കിയിരിപ്പ് 9216471 രൂപയാണ് . എന്നാൽ ലോൺ രജിസ്റ്റർ

പ്രകാരം ഇത് 9936471 രൂപയും

4..B4 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള ചുവടെ ചേർക്കുന്ന ഉകകൾ April 2020-ൽ ചെലവഴിച്ചിട്ടില്ലായെന്ന് ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമായി. ഈ ഉകകൾ ഉടർന്ന് അതത് സ്ഥാപനങ്ങളിൽ അടച്ചിട്ടുള്ളതായി അറിയിച്ചിട്ടില്ല .

| കോഡ്.നം. | ഇനം | ഉക |
|---|---|---|
| 350200110 | KSFE | 76986 |
| 350200116 | EPF | 5622 |
| 350200110 | Library Cess | 91134.45 |

5. Receipt &Payment ഷെഡ്യൂൾ 32, കോഡ് 330500202 പ്രകാരം Secured Loan ഇനത്തിൽ തൻ വർഷ വരവ് 480000/-രൂപയാണ് . ലോൺ രജിസ്റ്റർ പ്രകാരം അഞ്ചാമത്തെ ഇൻസ്റ്റോൾമെന്റായി 1200000/-രൂപ ലഭിച്ചിട്ടുണ്ട് . ഇത് RP-31 ൽ Other Grants എന്ന ഹെഡിൽ സംസ്ഥാന വിഹിതമായാണ് വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത് .

6. Receipt &Payment ഷെഡ്യൂൾ 43 കോഡ് 431100102 പ്രകാരം റെസിഡന്ഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ അരിയറായി ലഭിച്ചിട്ടുള്ളത് 8941/- രൂപയും കോഡ് 431100104 പ്രകാരം നോൺ റെസിഡന്ഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതിയിൽ അരിയറായി ലഭിച്ചിട്ടുള്ളത് 302060/- രൂപയുമാണ് . DCB പത്രിക പ്രകാരം ഇത് യഥാക്രമം 12208/- രൂപയും ,305429/- രൂപയുമാണ്. വ്യത്യാസം വിശദീകരിച്ചിട്ടില്ല.

7.ജി.ഒ(ആർ.റ്റി)നം.2249/2020/ഫിൻ തീയതി.18.03.20 പ്രകാരം ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിൽ ലഭിച്ച 253849/- രൂപ സെക്രട്ടറിയുടെ ബിൽ ബുക്കിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഈ ഉക വാർഷിക കണക്കിൽ RP-7 ൽ ഉൾപ്പെടുത്തിയിട്ടില്ല .

8.ജില്ലാ സഹകരണ ബാങ്കിന്റെ ബാങ്ക് ബുക്കിൽ പല ചെക്കുകളും തെറ്റായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ബാങ്ക് ബുക്ക് പ്രകാരമുള്ള ചെക്ക് നം. | യഥാർത്ഥ ചെക്ക് നം. | ഉക |
|---|---|---|
| 2436 | 2435 | 162017 |
| 2435 | 2434 | 21420 |
| 2434 | 2433 | 457 |

9. റീബിൽഡ് കേരളയുമായി ബന്ധപ്പെട്ട ഡേറ്റാ എൻട്രി ജോലികൾ ചെയ്യുവർക്കുള്ള വേതനമിനത്തിൽ 91135/-രൂപ തനതുഫണ്ടിൽ നിന്നും വിനിയോഗിച്ചിട്ടുണ്ട്. ബഹു. ആലപ്പുഴ ജില്ലാ കളക്ടറുടെ DMC3-26267/2019 ഉത്തരവിൽ ഈ ഉക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിന്നും അനുവദിയ്ക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും ഈ ഉക ലഭിച്ചിട്ടില്ല . 91135/-രൂപ Advance To Others എന്ന ഹെഡിൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. തൊഴിലുറപ്പ് പദ്ധതിയുടെ മുന്നിരിപ്പ് വാർഷിക കണക്ക് പ്രകാരം 35665/-രൂപയാണ്. എന്നാൽ പാസ് ബുക്കിലെ മുന്നിരിപ്പ് 35678.75/-രൂപയാണ്. ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതിയുടെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉകകളും ഇ.എഫ്.എം.എസ് ഉകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആസ്തികൾ സൃഷ്ടിക്കപ്പെടുന്നുണ്ടെങ്കിലും അത് ക്യാപിറ്റൽ കോൺട്രിബ്യൂഷനിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 11708870 |
| വരവ് | 51501964 |
| ആകെ | 63210834 |
| ചെലവ് | 54138557 |
| നീക്കിയിരിപ്പ് | 9072277 |
| വരവിനങ്ങളിലെ നഷ്ടം | - |
| ചെലവിനങ്ങളിലെ നഷ്ടം | 6240 |
| തടസ്സപ്പെടുത്തിയ ഉക | 1674272 |

## 1-4 ഫണ്ട് വിനിയോഗം (എസിആർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | | ആകെ | ചെലവ് | | നീക്കി യിരുപ്പ് |
|---|---|---|---|---|---|---|---|
| | | സ്പോഴ്ലിൽ പിടിച്ചത് | അലോട്ട് മെന്റ് വരവ് | | ജി.ഒ പ്രോജക്ട് | പ്രോജക്ട് | |
| വികസന ഫണ്ട് പൊതു വിഭാഗം | - | 691176 | 23272824 | 23964000 | 691176 | 11289769 | 11983055 |
| വികസന ഫണ്ട് എസ്.സി.പി. | - | 132353 | 5586647 | 5719000 | 132353 | 2385042 | 3201605 |
| വികസന ഫണ്ട് ടി.എസ്.പി. | - | | 67000 | 67000 | 0 | 0 | 67000 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | - | | 9278287 | 9278287 | 0 | 5382704 | 3895583 |
| സംരക്ഷണ ഗ്രാന്റ് റോഡ് | - | | 7717000 | 7717000 | 0 | 3636614 | 4080386 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | - | | 3543000 | 3543000 | 0 | 2897334 | 645668 |
| | | | | | | | |

<u>പ്രളയ ഫണ്ട്</u>

12.12.19 ലെ സ.ഉ(സാധാ) നം.9823/19 /ധന/12.12.19 നം ഉത്തരവ് പ്രകാരം താഴെ പറയും പ്രകാരമുള്ള തുകകൾ പ്രളയ ഫണ്ടിനത്തിൽ ലഭിച്ചിരുന്നു.

| | |
|---|---|
| പദ്ധതി വിഹിതം(ജനറൽ) | 10827000 |
| എസ്.സി.പി | 886000 |
| | 11713000 |

ഈ തുക ഉപയോഗിച്ച് 27 പദ്ധതികൾക്ക് അംഗീകാരം വാങ്ങിയെങ്കിലും തൻവർഷം തുക ചെലവഴിച്ചിട്ടില്ല.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കി യത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 203 | 86116040 | 105 | 33144697 | 12 | 86 | 58% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 35678.75 | 1064745 | 1100424 | 1100424 | 0 |
| ഗുണഭോക്താക്കൾക്ക് | 0 | 22300926 | 22300926 | 22300926 | 0 |

| നേരിട്ട് നല്കുന്നത് | | | | | |
|---|---|---|---|---|---|

വാർഷിക കണക്കിൽ മുന്നിരിപ്പായി 35665 രൂപ എന്നാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക കണക്കും എം.ജി.എൻ.ആർ.ഇ.ജി.എസ് വിഭാഗത്തിൽ നിന്നുമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല.

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതികളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3917400 | 1117 |
| വിധവാപെൻഷൻ | 1812600 | 520 |
| അവിവാഹിത പെൻഷൻ | 93600 | 26 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 972000 | 271 |
| വാർദ്ധക്യകാലപെൻഷൻ | 5281800 | 1479 |
| വിവാഹധനസഹായം | 120000 | 4 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന ,09-02-2022 , 3.15 ന് നടത്തുകയുണ്ടായി. പരിശോധനയിൽ 10965 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണ സംവിധാനം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനത്തിൽ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.ജനകീയാസൂത്രണം കാൽനൂറ്റാണ്ട് പിന്നിടുമ്പോഴും ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന സൗകര്യങ്ങൾ ബഹുദൂരം പിന്നിലാണ്.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. ഗ്രാമപഞ്ചായത്തിൽ 13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പല ഗ്രൂപ്പുകളും ഒറ്റത്തവണ മാത്രമാണ് കൂടിയിട്ടുള്ളത്. പലതിലും മിനിറ്റ്സ് ക്ലോസ് ചെയ്യുന്നില്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല. സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

4.റോഡ് രജിസ്റ്ററും, റോഡ് കണക്ടിവിറ്റി മാപ്പും പരിപാലിച്ചിട്ടില്ല.

5.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

6. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ മെറ്റീരിയൽ പ്രവൃത്തികളുടെ ടെണ്ടറിൽ മതിയായ മത്സരം ഉണ്ടാകുന്നില്ല. കൂടാതെ മെറ്റീരിയൽസ്, ലേബർ അനുപാതം 40-60 ൽ നിലനിർത്താൻ കഴിയുന്നില്ല. ആയതിനാൽ ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കപ്പെടുന്നില്ല.

7)തനത് വരുമാനങ്ങൾ കൃത്യമായി പിരിച്ചെടുക്കുന്നില്ല. വാടക കുടിശ്ശിക ഇനത്തിൽ 94879 രൂപ ഈടാക്കേണ്ടതുണ്ട്.

8)ജൈവ, അജൈവ മാലിന്യങ്ങൾ ശരിയായ രീതിയിൽ സംസ്കരിക്കപ്പെടുന്നില്ല. എം.സി.എഫ്, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് എന്നിവയൊന്നും പഞ്ചായത്തിൽ നിലവിലില്ല.

9)ഗ്രാമപഞ്ചായത്തിൽ എൽ.എസ്.ജി.ഡി, ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവയിലുൾപ്പെടെ 9 സ്ത്രീജീവനക്കാരുണ്ട്. കൂടാകെ വനിതാ മെമ്പർമാരാണ് കൂടുതലും. എന്നാൽ പ്രാഥമിക സൗകര്യങ്ങൾക്ക് ആവശ്യമായ രീതിയിലുള്ള ബാത്ത്റൂം സൗകര്യങ്ങൾ നിലവിലില്ല. ഐ.എസ്.ഒ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനത്തിലാണ് ഇപ്രകാരമുള്ള ദുരവസ്ഥ.

ചൂണ്ടിക്കാട്ടിയ അപാകങ്ങൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 1-10 രസീത് പരിശോധനയിലെ അപാകതകൾ

1.കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

2020-21 കാലയളവിൽ കൃഷി ഓഫീസർക്ക് 56454, 56462, 56464, 56465, 56466 നമ്പർ രസീതു ബുക്കുകൾ ഇഷ്യൂ ചെയ്തിരുന്നു. എന്നാൽ ആയതിന്റെ കളക്ഷൻ രജിസ്റ്റർ പരിശോധനയിൽ ഹാജരാക്കിയില്ല. ഇപ്രകാരമൊരു ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല എന്ന് കാണുന്നു. ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

2.സാംഖ്യ രസീത് പരിശോധന- അപാകതകൾ

15/9/2020 ലെ 1073853ാം നമ്പർ ചെക്ക് പ്രകാരം എച്ച്.എം, ഗവ. ഹൈസ്കൂൾ ,കൊട്ടപ്പുറം ഒടുക്കിയ തൊഴിൽ നികുതി 18,500 രൂപ ബാങ്ക് പാസ്സ് ബുക്ക് പ്രകാരം അക്കൌണ്ടിൽ വരവ് വച്ചിരുന്നില്ല. ഇക വരവ് വരാത്തതിൻമേൽ ഓഡിറ്റ് എൻക്വയറി (നം.42/19-20) നല്കിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല. സാംഖ്യ രസീതുകളുടെ പരിശോധനയിൽ ചെക്കുകളുടെ പേ-ഇൻ-സ്ലിപ്പ് സൂക്ഷിക്കുന്നില്ല എന്ന് കണ്ടു. ചെക്കുകളുടെ പേ-ഇൻ-സ്ലിപ്പ് സൂക്ഷിക്കാത്തത് കാരണം ഇവ ബാങ്കിലൊടുക്കിയതിന്റെ കൃത്യത ഉറപ്പ് വരുത്താൻ കഴിയില്ല. 18,500 രൂപ അക്കൌണ്ടിൽ വരവ് വന്നതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-11 തൊഴിൽ നികുതി ഈടാക്കിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം എടത്വ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2ാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | ഒന്നാംഅർദ്ധവർഷം ഈടാക്കിയ തുക |
|---|---|---|
| 1 | കെ.എസ്.ആർ.ടിസി എടത്വ | 132000 |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക് | 6550 |
| 3 | ബാങ്ക് ഓഫ് ബറോഡ | 10000 |
| 4 | സപ്ളൈകോ | 1250 |
| 5 | വി.ഇ.ഒ | 1250 |
| 6 | ഗവ.എച്ച്.എസ് .കൊട്ടപ്പുറം | 19500 |
| 7 | സെന്റ് അലോഷ്യസ്എച്ച് എസ് എടത്വ | 24750 |
| 8 | സെന്റ് അലോഷ്യസ് കോളേജ് എടത്വ | 57500 |
| 9 | പയസ് ടെൻത് ഐറ്റിഐ | 7100 |
| 10 | ആയിറാം ഫ്യൂവൽസ് | 1200 |
| 11 | നെട്ടമ്പറമ്പിൽ ക്രെഡിറ്റ് | 660 |
| 12 | പ്രോമ്പ്റ്റ് ഫിനാൻസ് | 1750 |
| 13 | എസ്.സി.ബി 1201 കൊട്ടപ്പുറം | 2500 |
| 14 | ഹോളി ഏഞ്ചൽസ് സ്കൂൾ | 37350 |
| 15 | ലിസ് ലിയോ ഇൻഡെയ്ൻസർവ്വീസ് | 1800 |
| 16 | വിജയമാതാ പബ്ളിക് സ്കൂൾ | 19300 |
| 17 | സെന്റ് അലോഷ്യസ് കോളേജ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | രണ്ട് അർദ്ധവർഷവും തുക ഈടാക്കിയിട്ടില്ല |
| 18 | സിറ്റി യൂണിയൻ ബാങ്ക് | 6250 |
| 19 | പോസ്റ്റ് ഓഫീസ് എടത്വ | 7500 |
| 20 | എസ്.സി.ബി എടത്വ | 4750 |

മേൽ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടോയെന്ന് പരിശോധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 27/16-02-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.സ്ഥാപനങ്ങളിൽ നിന്നും

തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-12 പെട്രോൾ പമ്പുകളിൽ നിന്നും ലൈസൻസ് ഫീസ് കുറവ് ഈടാക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 12,പട്ടിക V,VI പ്രകാരം പെട്രോൾ പമ്പുകൾക്ക് മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും അഗ്നിശമനസേന വകുപ്പിൽ നിന്നും ക്ളിയറൻസ് ആവശ്യമുണ്ട്. എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ അപേക്ഷയോടൊപ്പം ക്ളിയറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല മാത്രമല്ല ഈ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ ലൈസൻസ് ഫീസ് കുറവാണ്. ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് കണക്കിലെടുത്താൽ ലാന്റ് വാല്യുവിന്റേയും, സ്റ്റോക്കിന്റെയും അടിസ്ഥാനത്തിലാണെങ്കിൽ പോലും ഈടാക്കിയിരിക്കുന്ന ഫീസ് വളരെക്കുറവാണ്. മാത്രമല്ല അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുമില്ല, വിശദവിവരങ്ങൾ ചുവടെ.

| ക്രമ നം | ഉടമയുടെ/സ്ഥാപനത്തിന്റെ പേര് | ഈടാക്കിയ ലൈസൻസ് ഫീസ് | അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| `1 | എബി കുര്യൻ<br>കാട്ടുംഭാഗത്ത് എടത്വ 10/15 കാട്ടുംഭാഗം ഫ്യൂവൽസ് | 1000/<br>118030103498/27-02-19 | 4 |
| 2 | രമണി.ഡി,മങ്ങാടപ്പള്ളിൽ,വെള്ളക്കിണർ വാർഡ് 07/410 | 1000/11930100559<br>/21-06-2019 | 4 |
| 3 | ചെറിയാൻ ജോർജ്ജ്,കാവിലെ വീട്,സെന്റ്ജോർജ്ജ് ഫ്യൂവൽസ്,എടത്വ | 2000/<br>118030103763/14-03-2019 | 8 |
| 4 | കമലാസനൻ അനുഗ്രഹാ ഫ്യൂവൽസ് | 1000/118030103307<br>/21-02-19 | - |

മേൽ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുമ്പോൾ സർക്കാർ നിർദ്ദേശാനുസരണം ഈടാക്കേണ്ടതാണ് ടി സ്ഥപാനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്
2)ലൈസൻസുകൾ കൃത്യസമയത്ത് നൽകുന്നില്ല.

1996 ലെ കേരളാ പഞ്ചായത്ത് രാജ് ( ഫാക്ടറികൾകും വ്യാപാരങ്ങൾകും സംരംഭക പ്രവർത്തനനങ്ങൾകും മറ്റ് സേവനങ്ങൾകും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ലൈസൻസ് അപേക്ഷ ലഭിച്ച് ഏഴ് ദിവസത്തിനുള്ളിൽ ലൈസൻസ് നൽകേണ്ടതും പുതുക്കുവാനുള്ള അപേക്ഷകൾ ചട്ടം 10 പ്രകാരം പട്ടിക 11 അനുസരിച്ചുള്ള ഫീസും സ്വയം സാക്ഷ്യപത്രവും പ്രകാരം പുതുക്കി നൽകാവുന്നതാണ് ഏന്നാൽ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ നിന്നും ഭൂരിപക്ഷം അപേക്ഷകളും 30 ദിവസത്തോളം കഴിഞ്ഞാണ് നൽകുന്നതായി കാണുന്നത് . ചില ഉദാഹരണങ്ങൾ ചുവടെ

| ക്രമ നം | സ്ഥാപന ഉടമയുടെ പേര് | അപേക്ഷ നൽകിയ തീയതി | ലൈസൻസ് നൽകിയ തീയതി |
|---|---|---|---|
| 1 | പി.വി.ജോസഫ് പട്ടത്താനം ഫ്ളാറ എടത്വ | 118030103281/22-02-19 | 26-9-19- *A5/989 /19-20 -30* |
| 2 | മാത്യു ജോസഫ് ,കൊച്ചുമെതിക്കളം.ക്രിസ്റ്റി ജ്യൂസ് കോർണർ | 118030103140/13-02-19 | 04-07-19/A5-1000 /19-20 -31 |
| 3 | വിന്നി കുര്യക്കോസ്,ന്യൂ കുര്യൻസ് | 11830103128/12-02-19 | 03-06-19/A5-1005 /19-20 |
| 4 | സുരേഷ് ജോൺ 6/444 സെന്റ് ജോർജ്ജ് ലെതർവർക്സ് | 14-02-2019/118030103156 | 07=05-19/A5-1046 /19-20-37 |
| 5 | ബിന്ദു.ജെ.കുളങ്ങര,കുളങ്ങര ജ്യൂവലറി | 22--02-2019/118030103330 | 09-05-2019- A5/986/19-20-29 |

മേൽ അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 17/14-02-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ലൈസൻസ് അപേക്ഷകൾ സമയബന്ധിതമായി നൽകാനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 1-13 വാടകകുടിശ്ശിക ഈടാക്കാൻ നടപടികളില്ല.

1) 2019-20 സാമ്പത്തിക വർഷം എടത്വ മാർക്കറ്റിലെ ഷോപ്പിംഗ് കോംപ്ളക്സിലെ താഴെപ്പറയുന്ന മുറികളിൽ നിന്നും വാടക ഈടാക്കിയതായി കാണുന്നില്ല. വിശദവിവരങ്ങൾ ചുവടെ.

2019-20 വാടക കുടിശ്ശിക വിവരങ്ങൾ

| ക്രമ നം | പേര് മേൽവിലാസം | ഷോപ്പ് നം | വാടക നിരക്ക് | അടച്ചതുക | അടയ്ക്കേണ്ടതുക | ബാലൻസ് | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | കെ.പി. തമ്പി, കൊല്ലംപറമ്പിൽ,പച്ച | 1 | 1015 | 0 | 12180 | 12180 | ഒരു മാസത്തെ വാടക പോലും അടച്ചതായി കാണുന്നില്ല |
| 2 | ജോർജ്ജ് തോമസ് മുണ്ടകത്തിൽ ,എടത്വ | 4 | 1008 | 0 | 12096 | 12096 | ഒരു മാസത്തെ വാടക പോലും അടച്ചതായി കാണുന്നില്ല |
| 3 | ത്രേസ്യക്കുട്ടി കുഞ്ഞുമോൻ പാറേച്ചിറയിൽ | 9 | 1286 | 14146 | 15432 | 1286 | 2020 ഫെബ്രുവരി മാസത്തെ വാടക അടച്ചിട്ടില്ല |
| 4 | വത്സല വിജയൻ മേളാമ്പറമ്പിൽ | 13 | 1029 | | 12348 | 12348 | ഒരു മാസത്തെ വാടക പോലും അടച്ചതായി കാണുന്നില്ല |
| 5 | ഫിലിപ്പ് ആന്റണി മാളിയേക്കൽ | 39 | 1066 | | 12792 | 12792 | ഒരുമാസത്തെ വാടക പോലും അടച്ചതായി കാണുന്നില്ല |
| 6 | ജോർജി റോസ് കരിക്കാംപള്ളി | 42 | 420 | 0 | 5040 | 5040 | ഒരുമാസത്തെ വാടക പോലും അടച്ചതായി കാണുന്നില്ല |
| 7 | സോണിയ ജോസഫ് അമ്പിയായം | 49 | 977 | | 11724 | 11724 | ഒരുമാസത്തെ വാടക പോലും അടച്ചതായി കാണുന്നില്ല |
| ആകെ കുടിശ്ശിക | | | | | | 67466 | |

മേൽ സ്ഥാപനങ്ങളിൽ നിന്നും വാടക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്

വാടക രജിസ്റ്റർ പ്രകാരം ആകെ കുടിശ്ശിക രേഖപ്പെടുത്തിയിരിക്കുന്നത് 61140 രൂപയാണ്. എന്നാൽ ആകെ കുടിശ്ശിക 67466/- രൂപയാണ്. വ്യത്യാസം 6326/-രൂപ. മേൽ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 24/15-02-22 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2) ഗ്രാമപഞ്ചായത്തിലെ മാർക്കറ്റിലെ സ്ഥലം തറവാടകയ്ക്ക് (വാർഷികം ) നല്കിയവരിൽ താഴെപ്പറയുന്നവരിൽ നിന്നും വാടക ഈടാക്കിയതായി കാണുന്നില്ല.

| 2019-20 തറവാടക കുടിശ്ശിക വിവരങ്ങൾ | | | | | |
|---|---|---|---|---|---|
| ക്രമ നം | പേര് മേൽവിലാസം | ഷോപ്പ് നം | വാർഷിക വാടക നിരക്ക് | അടച്ച തുക | അടയ്ക്കേണ്ട തുക |
| 1 | ഗ്രേസി ഫിലിപ്പ്,മാളിയേക്കൽ | 1 | 5707 | 0 | 5707 |
| 2 | ജോർജ്ജ് സെബാസ്റ്റ്യൻ (ത്രേസ്യാമ്മ, സെബാസ്റ്റ്യൻ) മാമ്മൂട്ടിൽ | 4 | 4474 | 0 | 4274 |
| 3 | കുഞ്ഞമ്മ,വേദപറമ്പ് | 6 | 4358 | 0 | 4358 |
| 4 | ജോർജ്ജ് കുട്ടി വേദപറമ്പ് | 7 | 4358 | 0 | 4358 |
| 5 | കുഞ്ഞമ്മ,വേദപറമ്പ് | 8 | 4358 | 0 | 4358 |
| 6 | കുഞ്ഞമ്മ ,കിഴക്കേപ്പുര | 9 | 4358 | 0 | 4358 |
| ആകെ | | | | | 27413 |

മേൽ വാടക കുടിശ്ശിക വരുത്തിയവരിൽ നിന്നും കുടിശ്ശിക തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഹാജരാക്കാനും ഇവരുമായി എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് ഹാജരാക്കാനും ഓഡിറ്റ് എൻക്വയറി നം 24 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. മേൽ വാടകകുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 ഇ-ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഇ-ടെന്റർ മുഖേന നടപ്പാക്കിയ മരാമത്ത് പ്രവർത്തികളുടെ ടെന്റർ ഫീസിനത്തിൽ 311881രൂപ നാളിതുവരെ എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിലേക്ക് ഒടുക്കു വരുത്തിയതായും പ്രസ്തുത അക്കൌണ്ടിൽ ഓൺലൈനായി ഒടുക്കിയ തുക ഇതേ വരെയും തിരികെ ലഭിച്ചിട്ടില്ല എന്നുമാണ് അസി.എഞ്ചിനീയർ റിപ്പോർട്ട് ചെയ്തത്. 2017-18 വർഷം മുതൽ 2020-21 വർഷം വരെ ഇപ്രകാരം ഒടുക്കിയ തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.(ഓഡിറ്റ് അന്വേഷണം-6/20-21)

| വർഷം | ടെണ്ടർ നടപടികൾ സ്വീകരിച്ച പ്രവൃത്തികളുടെ എണ്ണം | ടെന്റർ ഫീസിനത്തിൽ ഒടുക്കിയ തുക. |
|---|---|---|
| 2017-18 | 17 | 64884 |
| 2018-19 | 14 | 43897 |
| 2019-20 | 50 | 139712 |
| 2020-21 | 36 | 63388 |
| | | 311881 |

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017-ലെ ഡി.ബി.1/7942/2010/സി.ഇ/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും (ബ്ലോക്ക്/ഗ്രാമപഞ്ചായത്തുകൾ) എഞ്ചിനീയറിംഗ് വകുപ്പ് മേധാവികൾ ഇ-ടെണ്ടറുമായി ബന്ധപ്പെട്ട ഇടപാടുകൾ നടത്തുന്നതിന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ശാഖയിൽ ഔദ്യോഗിക മേൽവിലാസത്തിൽ ഒരു കറന്റ് അക്കൗണ്ട് ആരംഭിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം അക്കൗണ്ട് ആരംഭിച്ചിട്ടില്ല എന്ന് കാണുന്നു. നാളിതുവരെ ഒടുക്കിയ തുകകൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സാമൂഹ്യ പെൻഷൻ അപാകതകൾ സംബന്ധിച്ച്

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ SFCB1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ചു നൽകിയ തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ചെട്ടികുളങ്ങര പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷമുള്ള മാസങ്ങളിലും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു.

| ക്രമ നം | പെൻഷൻ ഐഡി നം | പെൻഷൻ തരം | ഗുണഭോക്താവിന്റെ പേര് | മരണം രജിസ്റ്റർ ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | 104830200060 | (ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | വേലായുധൻപിള്ള | 22/01/2019 | 2/2019 മുതൽ 07/2019 വരെ | 9000 | പെൻഷൻ സസ്പെൻഡ് ചെയ്തിട്ടുണ്ടെങ്കിലും 2/2019 മുതൽ 07/2019 വരെയുള്ള പെൻഷൻ നൽകിയതായി സേവനയിൽ കാണിച്ചിട്ടുണ്ട്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 2 | 104830200016 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | നരസിംഹമല്ലൻ | ലഭ്യമല്ല | 05/19 മുതൽ 11 /21 വരെ തുക | 47300 | സേവന പെൻഷനിൽ Deceased ആയി കാണിച്ചിട്ടുണ്ടെങ്കിലും പെൻഷൻ സസ്പെൻഡ് ചെയ്യപ്പെട്ടിട്ടില്ല. 05/19 മുതൽ 11 /21 വരെ തുക തടഞ്ഞ് വെച്ചിരിയ്ക്കുന്നതായി കാണിച്ചിരിയ്ക്കുന്നു. പഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്തിട്ടില്ല |

അപേക്ഷകരുടെ മരണ വിവരം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ നല്കുന്നുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ അക്കൌണ്ടിൽ പെൻഷൻ തുക ക്രഡിറ്റ് ചെയ്യപ്പെടുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനായി മരണപ്പെട്ടവരെയും അനർഹരെയും ഒഴിവാക്കുന്ന നടപടികൾ സംബന്ധിച്ച് ധനവകുപ്പ് സ.ഉ (എം.എസ്) നം.-97/2020 തീയതി 23/09/2020, 5/11/20 ലെ സർക്കുലർ നം.67/2020/ധന എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ ടി ഉത്തരവുകളൊന്നും പഞ്ചായത്തിൽ പാലിയ്ക്കപ്പെടുന്നില്ല. ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ മരണം ഈ പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സാമൂഹ്യപെൻഷനുകളും പരിശോധിച്ചാൽ മാത്രമേ യഥാർത്ഥ നഷ്ടം എത്രയാണെന്ന് നിജപ്പെടുത്തുവാൻ സാധിയ്ക്കുകയുള്ളൂ. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (43/17-020-22) മറുപടി ലഭ്യമാക്കിയിട്ടില്ല. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതുമാണ്. പഞ്ചായത്ത് ഭരണസമിതിയുടേയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടേയും അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-16 പഞ്ചായത്ത് ഓഫീസിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിയ്ക്കൽ - കൃത്യമായ ബില്ലും വാറന്റി രേഖകളും ക്വട്ടേഷൻ പ്രകാരമുള്ള പ്രവർത്തിയും ചെയ്യാതെയും തുക നൽകി

പ്രോജക്ട് നമ്പർ - SOO97/20

അടങ്കൽ - 46840/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ നം. 33/18.1.20 - 46840/-

നിർവ്വഹണം - സെക്രട്ടറി


പഞ്ചായത്ത് ഓഫീസിൽ ക്യാമറ സ്ഥാപിയ്ക്കൽ എന്ന പ്രോജക്ടിലുൾപ്പെടുത്തി സി.സി.റ്റി.വി.ക്യാമറകൾ സ്ഥാപിച്ചതിന് 46840/- രൂപ കൈരളി ഏജൻസീസ്, ചാരുംമൂടെന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ക്വട്ടേഷൻ പ്രകാരം ആതെ 8840/- രൂപ വിലയുള്ള HIKEVISION 2MP BULLET CAMERA (4 എണ്ണവും) 3510/- രൂപ വിലയുള്ള HIKEVISION 4 CH DVR (1 എണ്ണം) 18200/- രൂപ വിലയുള്ള IMPEX SMART 32" LED TV (1എണ്ണം) 4550/-രൂപ വിലയുള്ള WD 1 TB HDD SURVAILANCE(1എണ്ണം) 950/- രൂപ വിലയുള്ള CPPLUS 5AMP SMPS (1എണ്ണം) 10790/- രൂപ വിലയുള്ള 3+1 FULL COPPER CABLE AND REQUIRED CONNECTORS LAYING THROUH PVC PIPE AND INSTALLATION എന്നിവയാണ് സ്ഥാപിയ്ക്കുന്നത്. സ്ഥാപനം ഹാജരാക്കിയ 3.12.19 ലെ B3515 നമ്പർ ഇൻവോയ്സ് പരിശോധിച്ചതിൽ SUPPLY AND FIXING OF 4 CH CCTV (ഒരു യൂണിറ്റ്) എന്നാണ് പ്രോഡക്ട് ഡിസിക്രിപ്ഷൻ ബില്ലിൽ കാണിച്ചിട്ടുള്ളത്. ക്വട്ടേഷനിൽ രേഖപ്പെടുത്തിയ സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങളാണ് സ്ഥാപിച്ചതെന്ന് മേൽ ബില്ലിലെ ഡിസ്ക്രിപ്ഷനിൽ നിന്ന് വ്യക്തമല്ല. ക്വട്ടേഷനിൽ ഉപകരണങ്ങൾക്ക് 2 വർഷ വാറന്റിയുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഉപകരണങ്ങളുടെ വാറന്റി കാർഡും ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല..

ക്വട്ടേഷൻ പ്രകാരം 6-ാം ഇനം 3+1 FULL COPPER CABLE AND REQUIRED CONNECTORS LAYING THROUH PVC PIPE AND INSTALLATION എന്ന ഇനം ചെയ്യുന്നതിനാണ് 10790/- രൂപ ക്വാട്ട് ചെയ്തിട്ടുള്ളത്. എന്നാൽ ക്യാമറയിൽ നിന്ന് ഡി.വി.ആറിലേയ്ക്കുള്ള കണക്ഷൻ വയറുകളും ഡി.വി.ആറിൽ നിന്ന് റ്റി.വി.യിലേയ്ക്കുള്ള കണക്ഷനുകളും ക്വട്ടേഷനിൽ പറയും പ്രകാരം PVC PIPE ൽ കൂടിയല്ല സ്ഥാപിച്ചിട്ടുള്ളത്. പി.വി.സി. പൈപ്പിൽകൂടി സ്ഥാപിയ്ക്കാത്തതിനാൽ തന്നെ ക്യാമറയിൽ നിന്ന് ഡി.വി.ആറിലേയ്ക്കുള്ള കണക്ഷനുകൾ വിച്ഛേദിക്കുവാൻ എളുപ്പമാണ്. ക്വട്ടേഷനിൽ പറയും പ്രകാരമുള്ള പ്രവർത്തി ചെയ്യാതെയാണ് ഈയിനത്തിനായി വകയിരുത്തിയ

10790/- രൂപ നൽകിയത്.







അപാകതകൾ വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 18/15.2.22 നൽകിയതിനുള്ള മറുപടിയിൽ ക്യാമറയിലേയ്ക്ക് പിവിസി പൈപ്പ് ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുള്ളതിനാലാണ് അത് ഒഴിവാക്കി ഫ്ലക്സി ട്യൂബ് ഇട്ടതെന്നും ( ഏകദേശം മൂന്നോ നാലോ മീറ്റർ ദൂരത്തിൽ മാത്രം ) ഉപകരണങ്ങൾ 3-ാം വാർഡ് മെമ്പറുടെ സാന്നിദ്ധ്യത്തിൽ സി.സി.റ്റി.വി. ക്യാമറ ടെക്നീഷനായ എടത്വാ സ്വദേശിയെ കൊണ്ടും പഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റിനെ കൊണ്ടും പരിശോധിപ്പിച്ച് ക്വട്ടേഷൻ പ്രകാരമുള്ള സ്പെസിഫിക്കേഷനാണെന്ന് ഉറപ്പ് വരുത്തിയതിന് ശേഷമാണ് പേമെന്റ് നടത്തിയതെന്നും വാറണ്ടി സംബന്ധിച്ച വിവരങ്ങൾ ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരുന്നതിനാലാണ് പ്രത്യേകം വാറണ്ടി കാർഡ് വാങ്ങാതിരുന്നതെന്നുമാണ്. എന്നാൽ ഇതിനെ സാധൂകരിയ്ക്കുന്ന റിപ്പോർട്ടുകളൊന്നും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഒരു ഉത്പന്നത്തെ സംബന്ധിച്ച് അതിന്റെ വാറന്റി കാർഡാണ് ആധികാരിക രേഖയെന്നിരിക്കെ ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

സെക്രട്ടറിയുടെ 8.9.21 ലെ എസ്.സി.- 1/2258/21 നമ്പർ കത്തിൽ സി.സി.റ്റി.വി. പ്രവർത്തനരഹിതമാണെന്നും ആയത് റിപ്പയർ ചെയ്യാൻ പലതവണ ആവശ്യപ്പെട്ടിട്ടും റിപ്പയർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലന്നും റിപ്പയർ ചെയ്യാത്ത പക്ഷം ഇ.എം.ഡി. തുക തിരികെ നൽകില്ലന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വേളയിലും സി.സി.റ്റി.വി. പ്രവർത്തനരഹിതമാണെന്ന് കാണുന്നു. രണ്ട് വർഷ വാറന്റി വാഗ്ദാനം ചെയ്യപ്പെട്ട സി.സി.റ്റി.വി. നാളിതുവരെയും അറ്റകുറ്റപ്പണി ചെയ്യാത്ത കൈരളി ഏജൻസീസിനെതിരെ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കൂടാതെ വാറന്റി പീരിഡിൽ അറ്റകുറ്റപ്പണി നടത്താത്തതിനാൽ തന്നെ ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഫണ്ട് ചെലവഴിയ്ക്കേണ്ട അവസ്ഥയാണ്.
വാറന്റി രേഖകൾ ലഭ്യമാക്കാത്തതിനാലും സി.സി.റ്റി.വി. പ്രവർത്തനരഹിതമാതിനാലും കോപ്പർ കേബിളുകൾ പി.വി.സി. പൈപ്പിലൂടെ കടത്തി സ്ഥാപിയ്ക്കുന്നത് വരെയും 46840/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിങ് - ഗ്രാമപഞ്ചായത്ത് കമ്മറ്റി ചെലവ് അംഗീകരിച്ചില്ല

12-ാം വാർഡിലെ ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിങ് നടത്തുന്നതിനായി 17639/-രൂപ (വൌച്ചർ നം.21900986/29.2.20, ചെക്ക് നമ്പർ 2738) കെ.എസ്.ഇ.ബി. എടത്വാ സെക്ഷൻ ഓഫീസിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ 21.4.20 ലെ ജനറൽ കമ്മറ്റി മിനിട്സിലെ അജണ്ട 1 പ്രകാരം വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റി തീരുമാനങ്ങൾ അംഗീകരിക്കുന്നത് സംബന്ധിച്ച A4/5344/19 നമ്പർ ഫയൽ കുറിച്ചുള്ള 1 -ാം നമ്പർ തീരുമാനം പ്രകാരം എടത്വ ഗ്രാമ പഞ്ചായത്തിലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10.03.2020 ൽ കൂടിയ യോഗത്തിലെ ശുപാർശകൾ താഴെ കാണും പ്രകാരം അംഗീകരിച്ച തീരുമാനിച്ചുവെന്നും 2020 ഫെബ്രുവരി മാസത്തിലെ വരവ്

ചെലവുകണക്കുകൾ പരിശോധിച്ചതിൽ 12-ാം വാർഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി എടത്വാ കെ.എസ്.ഇ.ബി. യിൽ ഒടുക്കിയ 17639/- രൂപയുടെ ചെലവ് ഒഴിച്ച് ബാക്കി വരവ് ചെലവുകൾ അംഗീകരിച്ചതായും ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് പഞ്ചായത്തിൽ നിന്നും 500 രൂപാ മാത്രമേ അനുവദിക്കുകയുള്ളുവെന്നും ബാക്കി വരുന്ന തുക പൊതുജനങ്ങളിൽ നിന്നും സമാഹരിച്ച് കെ.എസ്.ഇ.ബി. യിൽ ഒടുക്കുകയാണെന്നും എന്നാൽ ഇതിനു വിരുദ്ധമായി12-ാം വാർഡിലെ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിനായി എടത്വാ കെ.എസ്.ഇ.ബി. യിൽ ഒടുക്കിയ 17639/- രൂപാ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഒടുക്കിയിട്ടുള്ളതിൽ 500 രൂപാ കഴിച്ച് ബാക്കി 17139/- രൂപാ വാർഡ് മെമ്പറെ കൊണ്ട് തിരിച്ചടപ്പിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചതായും രേഖപ്പെടുത്തിയിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരം തെരുവ് വിളക്ക് കത്തിക്കലും അവയുടെ പരിപാലനവും ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽ ഉൾപ്പെടുന്നതാണ്. അതിനാൽ തന്നെ ഗ്രാമപഞ്ചായത്ത് കൈകൊണ്ട തീരുമാനത്തിൽ പുന:പരിശോധന നടത്തേണ്ടതും മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതുമാണ്. പ്രവർത്തിയുടെ പൂർത്തീകരണവിവരങ്ങൾ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം.33/16.2.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കില്ല. പൂർത്തീകരണ വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 17139/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-18 നിക്ഷേപ പ്രവർത്തികൾ പൂർത്തീകരിച്ചിട്ടില്ല

2019-20 വാർഷിക കണക്ക് B-18 ഷെഡ്യൂൾ പ്രകാരം ഡെപ്പോസിറ്റ് പ്രവൃത്തിക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 1863272 രൂപയും ഗ്രൗണ്ട് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ച 8043 രൂപയും കെ.എസ്.ഇ.ബി യിൽ നിക്ഷേപിച്ച 2399147 രൂപയും നീക്കിയിരിപ്പുള്ളതായി കാണുന്നു .

ഈ തുകകൾ ഏത് പ്രോജക്ട് പ്രകാരം ഏത് വർഷം നിക്ഷേപിച്ചതാണെന്നും ഇതിൽ ഏതെങ്കിലും പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും ലഭ്യമാക്കുവാൻ ഓഡിറ്റ് അന്വേഷണം നം.05/19-20/09.02.22 നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. നിക്ഷേപ പ്രവർത്തികൾക്കായി ചെലവഴിക്കുന്ന തുകയുടെ സമയബന്ധിതമായ വിനിയോഗവും പ്രവർത്തിയുടെ പൂർത്തീകരണവും ഉറപ്പാക്കേണ്ടതാണ്. വിഷയം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-19 ഫോട്ടോ കോപ്പിയർ വാങ്ങൽ -ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചില്ല

കൃഷി ഓഫീസർ നടപ്പാക്കിയ “കൃഷിഓഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ ” എന്ന പദ്ധതി നടപ്പാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 59/20 |
| പ്രോജക്ട് | കൃഷി ഓഫീസിലേയ്ക്ക് ഫോട്ടോകോപ്പിയർ |
| അടങ്കൽ | 50000(മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 43200 രൂപ, ട്രഷറി ബിൽ നം. EDA2/19-20 /43200 |
| സ്ഥാപനത്തിന്റെ പേര് | കടവിൽ ഇൻഫോടെക് ,സിറിൽസ് ടവ്വർ ,കോട്ടയം<br>ഇൻവോയിസ് നം 366/1920/25-11-2019 |

ടി തുക കടവിൽ ഇൻഫോടെക് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. ടി പദ്ധതിയുടെ ഫയൽ പരിശോധിച്ചപ്പോൾ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) ഫോട്ടോകോപ്പിയർ വാങ്ങാൻ സമർപ്പിച്ച ക്വട്ടേഷനുകളിൽ ഏറ്റവും കുറഞ്ഞ ക്വട്ടേഷൻ ക്വോട്ട് ചെയ്തത് ആൽഫാനെറ്റ് സിസ്റ്റംസ് എന്ന സ്ഥാപനമാണ്. 16900/- രൂപയാണ് ഇവർ ക്വാട്ട് ചെയ്തത്. ടെണ്ടർ ഫോമിൽ ടെണ്ടർ നോട്ടീസിലെ സ്പെസിഫിക്കേഷൻ പ്രകാരം എന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട് . ഏറ്റവും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇവരുടെ ക്വട്ടേഷൻ പരിഗണിയ്ക്കാതെ ഉയർന്ന തുക ക്വോട്ട് ചെയ്ത കടവിൽ ഇൻഫോടെക് ,സിറിൽസ് ടവ്വർ ,കോട്ടയം എന്ന സ്ഥാപനത്തിന്റെ ടെണ്ടറാണ് പരിഗണിച്ചത് . സ്റ്റോർ പർച്ചേസ് മാന്വൽ ഖ9.16,91.7,9.18 പ്രകാരം ടെണ്ടർ/ക്വട്ടേഷനുകൾ തുറന്നതിനു ശേഷം നിരക്കുകളുടെ കൃത്യവും പൂർണ്ണവുമായ താരതമ്യപട്ടിക തയ്യാറാക്കേണ്ടതും (ഖ.9.4)നിരക്ക്, ഗുണനിലവാരം, വിതരണ നിബന്ധനകൾ മുതലായവ അടിസ്ഥാനമാക്കി ടെണ്ടറുകൾ താരതമ്യം ചെയ്യേണ്ടതും കുറഞ്ഞനിരക്കിലുള്ള ടെണ്ടർ അംഗീകരിയ്ക്കേണ്ടതുമാണ്. കുറഞ്ഞനിരക്ക് സ്വീകാര്യമല്ലാത്ത സംഗതികളിൽ ആയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതുമാണ്. ഇവിടെ കുറഞ്ഞ നിരക്കിലുള്ള ടെണ്ടറാണ് നിരസിച്ചിരിയ്ക്കുന്നത്. ആയതിന്റെ കാരണം വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കില്ല

2) കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ സി.പി.ആർ.സി.എസിൽ നിന്നും സമാഹരിയ്ക്കേണ്ടതാണെന്ന് സ്റ്റോർപർച്ചേസ് മാന്വൽ ഖ.7.52 പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ്.സർക്കുലർ നം 1/26/2019ഐ.ടി സെൽ 1/26/2019 പ്രകാരം സർക്കാർ പ്രകാരം സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള സെൻട്രലൈസ്ഡ് സംവിധാനത്തിലൂടെ മാത്രമേ ഐ.ടി

ഉപകരണങ്ങൾ വാങ്ങാവൂ എന്നും,c.p.r.c.s കമ്പ്യൂട്ടറുകളും മറ്റു ഉപകരണങ്ങളും വാങ്ങുന്നതിന് മറ്റ് വാങ്ങൽ രീതികൾ അനുവദിയ്ക്കുന്നതല്ലെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

ടി നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഫോട്ടോകോപ്പിയർ വാങ്ങിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 44/ 16-02-22 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.പ്രോജക്ടുകൾ നടപ്പാക്കുമ്പോൾ ഗവ.നിർദ്ദേശങ്ങൾക്കനുസൃതാമായി നടപ്പാക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-20 ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു

വി.ഇ.ഒ നിർവ്വഹണം നടത്തിയ പദ്ധതികളുടെ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ അർഹതാ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

1 . പ്രോജക്ട്നം.138/20

പേര് .വീട് വാസയോഗ്യമാക്കൽ (ജനറൽ)

അടങ്കൽ .150000

ചെലവ് .150000

| ബിൽ നം. | തുക | തുക ലഭിച്ച ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 1/19-20/5.4.19 | 85000 | ഭാസുര സുരേഷ് -15000<br>ജോസി ജോസഫ് -20000<br>അമ്മിണി ചാക്കോ-50000 |
| 4/19-2-/27.8.19 | 15000 | ഭാസുര സുരേഷ് |
| 14/19-20/15.10.19 | 50000 | ദേവസ്യ .എം.റ്റി |
| ആകെ | 150000 | |

2. പ്രോജക്ട്നം.190/20

പേര് .ബി.പി.എൽ കുടുംബങ്ങൾക്ക് സെപ്റ്റിക്ക് ടാങ്ക് റിപ്പയറിംഗ്

അടങ്കൽ .186560(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

220000(കേന്ദ്രാവിഷ്കൃത ഫണ്ട്)

406560

ചെലവ് .36960(ധനകാര്യ കമ്മീഷൻ ഗ്രാന്റ് )

| ബിൽ നം. | തുക | തുക ലഭിച്ച ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 15/19-20/25.10.19 | 9240 | സതി |
| 18/19-20/14.11.19 | 9240 | പദ്മാവതിയമ്മ |
| 28/19-20/10.3.20 | 9240 | ഷീലമ്മ സെബാൻ |
| 31/19-20/24.3.20 | 9240 | ശ്രീയമ്മ ഷാജി |

മേൽ അപാകതയിന്മേൽ വിശദീകരണം ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണം.17/19-20/15.02.22 നല്കിയതിനെ തുടർന്ന് 190/20 പ്രോജക്ടിലെ ശ്രീമതി പദ്മാവതിയമ്മയുടെ അർഹതാ രേഖകൾ ലഭ്യമാക്കി. മറ്റുള്ളവരുടെ രേഖകൾ ഹാജരാക്കാത്തതിനാൽ പ്രോജക്ട് നം.138/20,വീട് വാസയോഗ്യമാക്കൽ (ജനറൽ) എന്ന പദ്ധതിയുടെ ചെലവു തുകയായ 150000/- രൂപ ,പ്രോജക്ട്നം.190/20, ബി.പി.എൽ കുടുംബങ്ങൾക്ക് സെപ്റ്റിക്ക് ടാങ്ക് റിപ്പയറിംഗ് എന്ന പദ്ധതിയിൽ ശ്രീമതി പദ്മാവതിയമ്മയ്ക്ക് അനുവദിച്ച തുക ഒഴികെ ബാക്കി 27720/- രൂപയും ഉൾപ്പടെ ആകെ 1,77,720/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. വിഷയം ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1-21 വാഹനം അറ്റകുറ്റപ്പണിയ്ക്ക് വർക് ഷോപ്പിലായിരുന്ന ദിവസങ്ങളിൽ ഡ്രൈവർക്ക് വേതനം അനുവദിച്ചു

ഗ്രാമപഞ്ചായത്തിന്റെ വാഹനം അറ്റകുറ്റപ്പണികൾക്കായി കായംകുളം കമ്പൻപുഴ എഞ്ചിനീയറിംഗ് വർക്സിൽ 28.5.19 മുതൽ 31.5.19 വരെ ഉണ്ടായിരുന്നുവെന്നും ആ ദിവസങ്ങളിൽ ഡ്രൈവർ വർക്ക് ഷോപ്പിൽ ഹാജരായതായുള്ള അറ്റകുറ്റപ്പണി നടത്തിയ സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറായ ജോമോൻ ജോർജ്ജിന് വൌച്ചർ നമ്പർ 21900178/12.6.19 പ്രകാരം 2800/- രൂപ നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തിയ ദിവസങ്ങളിലെല്ലാം ഡ്രൈവർ വർക്ക് ഷോപ്പിൽ ഹാജരാവേണ്ടതിന്റെ ആവശ്യകത ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്വകാര്യ വർക്ക് ഷോപ്പിന്റെ സാക്ഷ്യപത്രത്തെ ആധാരമാക്കി ദിവസവേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 41/17.2.22 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. മേൽ അപാകതകളാൽ 2800/- രൂപയുടെ ചെലവ് അനുവദിയ്ക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-22 മഴക്കാല പൂർവ്വശുചീകരണം -ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല

മഴക്കാല പൂർവ്വശുചീകരണത്തിനായി ശുചിത്വമിഷൻ ഷെയറായി 150000/-രൂപയും.(വൗച്ചർ നം 21900115/13-05-19 ;ചെക്ക് നം 2372/08-05-14), വൗച്ചർ നം 21900116/13-05-19 ;ചെക്ക് നം 2372/08-05-14 പ്രകാരം 75000/-രൂപയും ചേർത്ത് ആകെ 225000 രൂപ മെഡിയ്ക്കൽ ഓഫീസർ സി.എച്ച്.സി യ്ക്ക് നൽകിയിട്ടുണ്ട്, എന്നാൽ ഇതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല. ടി പദ്ധതിയ്ക്ക് വേണ്ടി ആകെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നും അതിന്റെ ചെലവ് രേഖകളും വാർഡ് തല സാനിറ്റേഷൻ സമിതിയുടെ പാസ്ബുക്കും അടിയന്തിരമായി പരിശോധനയ്ക്കായി ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 28/16-02-22 നൽകിയിരുന്നുവെങ്കിലും ചെലവ് രേഖകൾ ഹാജരാക്കുകയോ ആയതിന് മറുപടി നൽകുകയോ ചെയ്തില്ല.ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ടി മഴക്കാല പൂർവ്വശുചീകരണത്തിന് വേണ്ടി ചെലവഴിച്ച 225000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 വാർഡ് 2ൽ പുതുവൽ എസ്.സി കോളനി കൽകെട്ട് (SO178/18-19, 130/19-20) - അളവിൽ അധികരിച്ച് പിൻവലിച്ച തുക ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി.

| | |
|---|---|
| അടങ്കൽ | 1200000, എസ്.സി.പി ഫണ്ട് |
| എസ്റ്റിമേറ്റ് | 1198335 |
| കരാർ നം | 31/AE/18-19/20.10.18 |
| കരാറുകാരൻ | ശ്രീനാഥ് |
| എഗ്രീഡ്. പി.എ.സി | 1041294.87(-13.10%) |
| ആകെ മൂല്യം(2പാർട്ട് ബിൽ) | 1018597 |
| തുക | 877946/31.12.18 |
| | 162600/50/19-20/13.03.20 |
| അവസാന അളവ് | 01.01.20 |
| എം ബുക്ക് നം | 12/18-19 |

വാർഡ് 2ൽ പുതുവൽ എസ്.സി കോളനി കൽകെട്ട് എന്ന പ്രവൃത്തിയിൽ എംബാങ്ക്മെന്റ് കൺസ്ട്രക്ഷൻ 45.119m3(പേജ്.നം. 25) എന്നാണ് മൂല്യം നിർണ്ണയിച്ചതെങ്കിലും 54.360m3 ന് തുക അനുവദിച്ചു. ഓഡിറ്റ് അന്വേഷണത്തെ(19/19-20) തുടർന്ന് അധികമായി ചെലവഴിച്ച 8190 രൂപ രസീത് നം.1210103545/16.02.22 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി. വികസന ഫണ്ടിൽ നിന്നുമാണ് പദ്ധതി ചെലവ് നടന്നിട്ടുള്ളത് എന്നതിനാൽ തനത് ഫണ്ടിൽ ഒടുക്കിയ തുക സ്റ്റേറ്റ് കൺസോൾഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചില്ല

6 മാസമായിരുന്നു ഈ പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ്. എന്നാൽ കരാർ ചമച്ച് ഒര് വർഷത്തിന് ശേഷമാണ് പ്രവൃത്തി പൂർത്തീകരിച്ചത്. 13.12.18 ൽ തന്നെ എസ്റ്റിമേറ്റ് പുതുക്കിയിട്ടുമുണ്ട്. കരാർ കാലയളവ് ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കരാർ കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ PWD മാനുവൽ അനുശാസിക്കും പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണെങ്കിലും അതും ചെയ്തിട്ടില്ല.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(19/19-20), സംരക്ഷണ ഭിത്തി നിർമ്മാണവുമായി ബന്ധപ്പെട്ട് പ്രദേശ വാസികളുമായുള്ള തർക്കം കാരണമാണ് പ്രവൃത്തി പൂർത്തീകരിക്കുവാൻ വൈകിയതെന്നാണ് മറുപടി നൽകിയിട്ടുള്ളത്. എന്നാൽ പരാതിയുണ്ടായിരുന്നു എന്നതിനെ സാധൂകരിക്കുന്ന യാതൊരു കത്തിടപാടുകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജനറൽ കമ്മറ്റി മിനിറ്റിസിലും ഈ വിഷയം സംബന്ധിച്ച് തീരുമാനങ്ങളൊന്നും എടുത്തതായി കണ്ടില്ല. കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാരിൽ നിന്നും PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-24 ടാറിംഗ്/ റീടാറിംഗ് പ്രവൃത്തികൾ - ബാരൽ വിലയോടൊപ്പം ഈടാക്കുന്ന ജി.എസ്.റ്റി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ വിവിധ ടാറിംഗ്, റീടാറിംഗ് പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ നിന്നും നിശ്ചിത തുക ബാരൽ വിലയായി കുറവ് ചെയ്യുന്നുണ്ടെങ്കിലും ജി.എസ്.റ്റി വിഹിതം പ്രത്യേകമായി കണക്കാക്കുന്നില്ല. പല പ്രവൃത്തികളിലും ഉപയോഗിച്ച ബാരലിന്റെ എണ്ണം എം ബുക്കിൽ രേഖപ്പെടുത്തുന്നുമില്ല. 2019-20 സാമ്പത്തിക വർഷം 11 ടാറിംഗ്, 10 റീ-ടാറിംഗ് പ്രവൃത്തികൾക്കാണ് തുക അനുവദിച്ചത്. ഒര് എംപ്റ്റി ബാരലിന് 250+18% ജി.എസ്.റ്റി = 295 രൂപയാണ് ഈടാക്കുന്നതെന്നും ജി.എസ്.റ്റി ഉൾപ്പെടെയുള്ള തുക പഞ്ചായത്തിന്റെ തനത് ഫണ്ടിലാണ് ക്രഡിറ്റ് ചെയ്യുന്നതെന്നുമാണ് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നൽകിയിട്ടുള്ളത്. ജി.എസ്.റ്റി തുക കണക്കാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-25 പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല-പിഴ ഈടാക്കിയതിൽ കുറവ്.

താഴെ പറയുന്ന പൊതുമരാമത്ത് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിച്ചിട്ടില്ല. എന്നാൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിച്ചിട്ടുമില്ല. പ്രവൃത്തിയുടെ അവസാനം ഫൈനൽ ബിൽ തുകയുടെ അടിസ്ഥാനത്തിൽ 1% പിഴ ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ആദ്യതവണ കാലാവധി ദീർഘിപ്പിക്കുന്നതിന് PAC യുടെ 1% എന്ന നിരക്കിലും (കുറഞ്ഞത് ₹.1000/-, പരമാവധി ₹.50000/-) രണ്ടാം തവണ PAC യുടെ 2% എന്ന നിരക്കിലും (കുറഞ്ഞത് ₹.2000/-, പരമാവധി ₹.100000/-) പരമാവധി 50% വരെ പിഴ ഈടാക്കി കാലാവധി ദീർഘിപ്പിക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികളിൽ PWD മാനുവൽ അനുശാസിക്കും പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചിട്ടില്ല.

1)വാർഡ് 6 ൽ മാർക്കറ്റ് കലിങ്ക് മുതൽ മങ്കുഴി വരെ റോഡ് മെറ്റലിംഗ്, ടാറിംഗ് .

| | |
|---|---|
| എസ്റ്റിമേറ്റ് | 219336.29 |
| കരാർ നം | 19/AE/20.10.18 |
| കരാറുകാരൻ | ടെഡി സക്കറിയ |
| എഗ്രീഡ്. പി.എ.സി | 219314.356(-0.01%) |
| ആകെ മൂല്യം | 208816 |
| തുക | 208816, 41/25.02.20 |
| എം ബുക്ക് നം | 4/19-20 |

20.10.18ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസം ആയിരുന്നു. എന്നാൽ പ്രവൃത്തി ആരംഭിച്ചത് തന്നെ 24.09.19 ലാണ്. അവസാന അളവ് 04.11.19 ലും. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല.

PWD മാനുവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം 1% പിഴയായ 2089 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ 3%, 6579 രൂപ ഈടാക്കേണ്ടതിന് പകരമാണ് 2089രൂപ ഈടാക്കിയിട്ടുള്ളത്. പിഴ ഈടാക്കിയതിൽ 4490 രൂപയുടെ കുറവ് ഉണ്ടായി.

2. ഉളിയന്നൂർ മോട്ടോർതറ മുതൽ പടിഞ്ഞാറോട്ട് ടാറിംഗ്, വാർഡ് 10

| | |
|---|---|
| എസ്റ്റിമേറ്റ് | 728500 |
| കരാർ നം | 66/AE/14.02.2019 |
| കരാറുകാരൻ | സോജൻ ഫ്രാൻസിസ് |
| എഗ്രീഡ്. പി.എ.സി | 726121 |

| | |
|---|---|
| ആകെ മൂല്യം | 709057.13 |
| തുക | 495000, 59/16.03.20(Q Bill) |
| | 214057,58/16.03.20(Q Bill) |
| എം ബുക്ക് നം | 72/18-19 |

14.02.2019 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസം ആയിരുന്നു. എന്നാൽ പ്രവൃത്തി ആരംഭിച്ചത് 11.02.19 ലാണ്. അവസാന അളവ് 31.12.19 ലും. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല.

PWD മാനുവൽ സെക്ഷൻ 2112 യിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രവൃത്തിയുടെ പൂർത്തീകരണത്തിന് ശേഷം 1% പിഴയായ 7091 രൂപ കരാറുകാരനിൽ നിന്നും ഈടാക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പി.എ.സി യുടെ 3%, 21784രൂപ ഈടാക്കേണ്ടതിന് പകരം 7091 രൂപയാണ് ഈടാക്കിയിട്ടുള്ളത്. പിഴ ഈടാക്കിയതിൽ 14693 രൂപയുടെ കുറവ് ഉണ്ടായി.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (20/19-20) മറുപടി ഹാജരാക്കിയില്ല. പിഴ ഈടാക്കിയതിലുണ്ടായ കുറവ് കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-26 മാർക്കറ്റിലെ RDB സ്റ്റാൾ റൂഫ് വർക്ക് ചെയ്യൽ,S0078/18 - പ്രവൃത്തി യഥാസമയം പൂർത്തീകരിച്ചിട്ടില്ല

മാർക്കറ്റിൽ നിൽക്കുന്ന കടകളുടെ മുകളിൽ ഒരു ഹാൾ നിർമ്മിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്.

| | |
|---|---|
| അടങ്കൽ | 800000 |
| എസ്റ്റിമേറ്റ് | 718189.15 |
| | 799043.15 |
| കരാർ നം | 40/AE/17-18/30.12.2017 |
| കരാറുകാരൻ | തോമസ് ആന്റണി |
| എഗ്രീഡ്. പി.എ.സി | 655137.69 |
| ആകെ മൂല്യം(2പാർട്ട് ബിൽ) | 724711.03 |
| തുക | 724711/-ബിൽ നം.1/30.04.19 |
| അവസാന അളവ് | 23.02.19 |
| എം ബുക്ക് നം | 28/18-19 |

പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് 3 മാസം ആയിരുന്നു. എന്നാൽ 30.12.2017 ൽ കരാർ ചമച്ച പ്രവൃത്തിയുടെ ആദ്യ അളവ് 28.01.19 ലും അവസാന അളവ് 23.02.19 ലുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. കാലാവധി ദീർഘിപ്പിക്കുവാൻ കരാറുകാരൻ അപേക്ഷ നൽകുകയോ അതിന്റെ അടിസ്ഥാനത്തിൽ പിഴ ഈടാക്കി കാലയളവ് ദീർഘിപ്പിക്കുകയോ ചെയ്തിട്ടില്ല. പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ PWD മാനുവൽ അനുശാസിക്കും പ്രകാരം ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കേണ്ടതാണെങ്കിലും

അതും ചെയ്തിട്ടില്ല.

25.01.19 ലെ 1(1) നം തീരുമാന പ്രകാരമാണ് എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുള്ളത്. 30.12.2017 ൽ കരാർ ചമച്ച പ്രവൃത്തിയുടെ പൂർത്തീകരണത്തിനുണ്ടായ കാലതാമസത്തിനും PWD മാനവൽ അനുശാസിക്കും പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നതിനും വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ഹാജരാക്കിയില്ല. 30.12.2017 മുതൽ 23.02.19 വരെയുള്ള 55 ആഴ്ചകൾക്ക് പി.എ.സി യുടെ 5.5% തുകയായ 36033 രൂപ ലിക്വിഡേറ്റഡ് ഡാമേജ് ആയി ഈടാക്കേണ്ടിയിരുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-27 തുടർസാക്ഷരതാ പ്രവർത്തനം - പഠിതാക്കളുടെ രജിസ്ട്രേഷൻ വിവരങ്ങൾ ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - S0064/20

അടങ്കൽ - 50000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ നം.6/31.3.20 -49200/-

നിർവ്വഹണം - എച്ച്.എം.ജി.എൽ.പി.എസ്.കോഴിമുക്ക്

സാക്ഷരതാ പ്രവർത്തനങ്ങളുടെ ഭാഗമായി തുല്യതാ പരീക്ഷ സഹായത്തിന്റെ പ്രവർത്തനങ്ങൾക്കായി 49200/- രൂപ സാക്ഷരതാ മിഷൻ ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പ്രോജക്ടും അനുബന്ധ രേഖകളും പരിശോധിച്ചതിൽ തുക നൽകിയത് ഏത് ക്ലാസ്സ് തുല്യതാ പരീക്ഷ പ്രവർത്തനങ്ങൾക്കാണെന്നും എത്ര വിദ്യാർത്ഥികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുവാനാണ് തുക നൽകിയെതെന്നുമുള്ള വിവിരങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിന്റെ വിശദാംശങ്ങളും വിദ്യാർത്ഥികൾ പരിക്ഷയിൽ പങ്കെടുത്തതിന്റെ രേഖകളും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 16/14.2.22 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കുകയുണ്ടായില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 49200/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-28 ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല

എടത്വാ ഗ്രാമ പഞ്ചായത്തിൽ 2019-20വർഷം തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പാക്കിയ മെറ്റീരിയൽ വർക്കുകളിൽ കരാറുകാരൻ ലഭ്യമാക്കിയ മെറ്റീരിയലിന് എല്ലാ എം.ബുക്കുകളിലും ജി.എസ്.ടി കണക്കാക്കിയിട്ടുണ്ടെങ്കിലും ബിൽ പ്രകാരം നല്കിയ തുകയിൽ നിന്നും നിയമാനുസൃതമായ 2% ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കിയിട്ടില്ല .

ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കേണ്ടിയിരുന്ന പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു .

| | വർക്കിന്റെ പേര് | കരാറുകാരൻറെ പേര് | കരാറുകാരനു ലഭിച്ച തുക | 2% ജി.എസ്.ടി ഇനത്തിൽ ഈടാക്കേണ്ട തുക |
|---|---|---|---|---|
| 1 | വാർഡ് 2 ൽ തുണ്ടിയിൽ പടി മുതൽ കുനം പാക്കൽ പടി വരെ റോഡ് നിർമ്മാണം ഘട്ടം 1 | തോമസ് അന്റണി | 328219 | 6564 |
| 2 | വാർഡ് 5 ൽ വലിയപറമ്പ് പടി മുതൽ പടിഞ്ഞാറോട്ട് റോഡ് നിർമ്മാണം ഘട്ടം 1 | ആന്റോ അൽഫോൺസ് | 316875 | 6337.5 |
| 3 | വാർഡ് 7 ൽ വരമ്പത്ത് പടി മുതൽ മാളിയേക്കൽ പടി വരെ റോഡ് നിർമ്മാണം ഘട്ടം 1(1611004002/RC/288931) | തോമസ് ആന്റണി | 326383 | 6527.66 |
| 4 | വാർഡ് 7 ൽ വരമ്പത്ത് പടി മുതൽ മാളിയേക്കൽ പടി വരെ റോഡ് നിർമ്മാണം ഘട്ടം 2 | തോമസ് ആന്റണി | 327338 | 6546.76 |
| 5 | വാർഡ് 4 ൽ തുരുത്തേൽ പടി മുതൽ പുഞ്ചയിൽ പടി വരെ റോഡ് ഇന്റർലോക്കിംഗ് (1611004002/RC/290475) | സോജൻ ഫ്രാൻസിസ് | 295131 | 5902.62 |
| 6 | വാർഡ് 10 ൽ മുണ്ടുതോട് റോഡ് നിർമ്മാണം ഘട്ടം 1 (1611004002/RC/294885) | സോജൻ ഫ്രാൻസിസ് | 403139 | 8062.78 |
| 7 | വാർഡ് 10 ൽ മുണ്ടുതോട് | സോജൻ | 398377 | 7967.54 |

| | | | | |
|---|---|---|---|---|
| | റോഡ് നിർമ്മാണം ഘട്ടം 2 (1611004002/RC/294886) | ഫ്രാൻസിസ് | | |
| 8 | വാർഡ് 10 ൽ മുണ്ടുതോട് റോഡ് നിർമ്മാണം ഘട്ടം 3 (1611004002/RC/294887) | സോജൻ ഫ്രാൻസിസ് | 398697 | 7973.94 |
| 9 | വാർഡ് 10 ൽ മുണ്ടുതോട് റോഡ് നിർമ്മാണം ഘട്ടം 4 | സോജൻ ഫ്രാൻസിസ് | 402711 | 8054.22 |
| 10 | വാർഡ് 13 ആമ്പക്കാട് പടി മുതൽ കോളനി പാടി വരെ റോഡ് നിർമാണം (1611004002/RC/301583) | സെൽവിൻ തോമസ് | 371250 | 7425 |
| 11 | വാർഡ് 5 ൽ അമ്പിയായത്ത് പടി മുതൽ തെക്കേടത് പടി വരെ റോഡ് നിർമ്മാണം ഘട്ടം റീച്ച് 1 | ആന്റോ അൽഫോൺസ് | 304600 | 6092 |
| 12 | വാർഡ്5 ൽ പറപ്പള്ളിപ്പടി മുതൽ വടക്കോട്ട് റോഡ് നിർമ്മാണം റീച്ച്1 (1611004002/RC/288900) | ആന്റോ അൽഫോൺസ് | 264000 | 5280 |
| | | | ആകെ | 82734.02 |

ജി.എസ്.ടി-ടി.ഡി.എസ് ഈടാക്കാഞ്ഞതിന്മേൽ വിശദീകരണം ലഭ്യമാക്കുവാൻ നല്കിയ ഓഡിറ്റ് അന്വേഷണംനം.31/19-20 /16.02.22 ന് മറുപടി നല്കിയില്ല . നിയമാനുസൃത നികുതികൾ ഈടാക്കി മാത്രം ബിൽ തുകകൾ അനുവദിക്കേണ്ടതാണ് .

## 1-29 പോസ്റ്റിൽ കയറി ബൾബ് സ്ഥാപിയ്ക്കൽ - കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങൾ പൂർണ്ണമായും സ്ഥാപിച്ചതിനെ സാധൂകരിയ്ക്കുന്ന രേഖകളില്ല

പ്രോജക്റ്റ് നമ്പർ - SO012/20

അടങ്കൽ -100000/- (തനത് ഫണ്ട്)

ചെലവ് - ചെക്ക് നമ്പ്ര - 2639/29.11.19 – 2100/-

നിർവ്വഹണം - സെക്രട്ടറി

214 എൽ.ഇ.ഡി. ബൾബുകൾ സ്ഥാപിച്ചതിന്റെ ജോലിക്കൂലിയിനത്തിൽ പോസ്റ്റ് ഒന്നിന് 150/- രൂപ ക്രമത്തിൽ 32100/- രൂപ കുറഞ്ഞ നിരക്ക് സമർപ്പിച്ച കുര്യൻ സഖറിയ, തിട്ടയിൽ ഇലക്ട്രിക്കൽസ്, കടപ്ര, നിരണം എന്നയാൾക്ക് മേൽ പ്രോജക്റ്റ് പ്രകാരം നൽകിയിട്ടുണ്ട്. 2018-19 വർഷം നിർവ്വഹണം നടത്തിയ SO18/19 നമ്പർ പ്രോജക്ടിൽ ഉൾപ്പെടുത്തി ഹിമ ഡിസ്ട്രിബ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയ (ഇൻവോയ്സ് നമ്പർ - 74/

13.2.19, ചെലവ്- 242/18.3.19 – 67680/-മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്, ചെക്ക് നം. – 24615/- തനത് ഫണ്ട്) ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ ജോലിക്കൂലിയാണ് 19-20 വർഷത്തെ SO012/20 നമ്പർ പ്രോജക്ടിലുൾപ്പെടുത്തി നൽകിയിട്ടുള്ളത്. ഇലക്ട്രിക്കൽ ഗുഡ്സിന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ 18-19 ലെ പ്രോജക്ടിലുൾപ്പെടുത്തി 15 വാട്ടിന്റെ എൽ.ഇ.ഡി. ബൾബും പെൻഡന്റ് ഹോൾഡറും 420 എണ്ണം വീതവും 1.5mm ന്റെ സിങ്കിൾ കോർ അലൂമിനിയം വയർ 19 എണ്ണവും ഇൻസുലേഷൻ ടേപ്പ് 30 എണ്ണവും വാങ്ങിയിട്ടുള്ളതിൽ ബൾബും ഹോൾഡറും 214 എണ്ണവും 9 കോയിൽ അലൂമിനിയം വയറും 20 ഇൻസുലേഷൻ ടേപ്പും 8/19 ൽ നൽകുകയും അവ സ്ഥാപിച്ചതിന്റെ കൂലി ചെക്ക് നമ്പ്ര - 2639/29.11.19 മുഖേന കരാറുകാരനായ കുര്യൻ സഖറിയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തൽ പ്രകാരം കരാറുകാരന്റെ ജോലിക്കാരനായ രഞ്ജിത്ത് കൈപ്പറ്റിയിട്ടുള്ള ഉപകരണങ്ങളിൽ ബാക്കിയുള്ള 206 ബൾബുകളും ഹോൾഡറുകളും 10 വീതം അലൂമിനിയം കോയിലും ഇൻസുലേഷൻ ടേപ്പും സ്ഥാപിച്ചതിനെ സാധൂകരിക്കുന്ന രേഖകളായ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം, കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല.ഉപകരണങ്ങൾ സ്ഥാപിച്ചതിന്റെ തുക കരാറുകാരൻ ആവശ്യപ്പെട്ടതിന്റെ രേഖകളും ഓഡിറ്റിൽ ഹാജരാക്കുകയുണ്ടായിട്ടില്ല. കൂടാതെ ഇവ സ്ഥാപിച്ചതിന്റെ കൂലി ഓഡിറ്റ് തീയതി വരെ നൽകുകയോ ഈ തുക നൽകുന്നതിനായി 20-21 ൽ സ്പിൽ ഓവർ പ്രോജക്റ്റ് ആവിഷ്ക്കരിച്ച് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടുമില്ല. മേൽ രേഖകളുടെ അഭാവത്തിൽ കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ലെന്നത് വ്യക്തമാണ്. മേൽ അപാകതകൾക്ക് വിശദീകരണവും കരാറുകാരൻ കൈപ്പറ്റിയ ശേഷം സ്ഥാപിച്ചതിന്റെ രേഖകൾ ഹാജരാക്കാതിരുന്ന ഉപകരണങ്ങൾ തിരികെ പഞ്ചായത്തിൽ ഏൽപ്പിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നമ്പർ 12/14.2.22 നൽകിയിരുന്നു.

ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ "കരാറുകാരൻ സമയബന്ധിതമായി പ്രവർത്തി പൂർത്തിയാക്കിയിരുന്നില്ലെന്നും ബൾബുകൾ സ്ഥാപിയ്ക്കുന്നതിന് യഥാസമയം ഹാജരാകുന്നില്ലെന്നും ജനപ്രതിനിധികൾ

ആക്ഷേപമുന്നയിച്ചതായും ബിൽ മാറി നൽകുന്നതിന് തടസ്സം നിന്നതിനാലുമാണ് രണ്ടാമതായി കൈപ്പറ്റിയ ഉപകരണങ്ങൾ ഉപയോഗിച്ച് 206 തെരുവ് വിളക്കുകൾ പോസ്റ്റിൽ സ്ഥാപിച്ചതിന് സമർപ്പിച്ച ബിൽ തുകയായ 30900/- രൂപ മാറി നൽകാതിരുന്നതെന്നും 20/21 വർഷം ടി പദ്ധതി സ്പിൽ ഓവർ ആക്കാതിരുന്നതിനാൽ ടി തുക പിന്നീട് അനുവദിച്ചിരുന്നില്ലന്നുമാണ്. "എന്നാൽ മേൽ മറുപടിയെ സാധൂകരിക്കുന്നതിനുള്ള രേഖകളായ കരാറുകാരൻ ജോലികൂലി നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷയും മെമ്പറൻമാരുടെ സാക്ഷ്യപത്രം, കെ.എസ്.ഇ.ബി.യുടെ സാക്ഷ്യപത്രം എന്നിവയും ടിയാൻ യഥാസമയം അറ്റകുറ്റപ്പണികൾ നടത്താതിരുന്നതിനാൽ തുക നൽകേണ്ടതുണ്ടോയെന്ന വിഷയം സ്റ്റാന്റിങ് കമ്മറ്റികളിലോ ജനറൽ കമ്മറ്റികളിലോ അജണ്ടയായി ഉൾപ്പെടുത്തി ചർച്ച ചെയ്ത് തീരുമാനം എടുത്തതിന്റെ വിശദാംശങ്ങളും ഹാജരാക്കുകയുണ്ടായില്ല. കൂടാതെ ജോലിക്കൂലി നൽകാത്തതിനെ തുടർന്ന് കരാറുകാരൻ യാതൊരു പരാതികളും പഞ്ചായത്തിൽ നൽകിയിട്ടുള്ളതായും അവ കമ്മറ്റികളിൽ ചർച്ചയായതിനും രേഖകളില്ല. കൂടാതെ 19-20 വർഷം തൃപ്തികരമായി പ്രവർത്തി നടത്തിയിട്ടില്ലന്ന് വാർഡ് മെമ്പറൻമാർ ആക്ഷേപമുന്നയിച്ചതായി ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ പരാമർശിച്ചിട്ടുള്ള കുര്യൻ സഖറിയ, തിട്ടയിൽ ഇലക്ട്രിക്കൽസിന് തന്നെയാണ് 20-21 ലെ തെരുവ് വിളക്ക് അറ്റകുറ്റപ്പണിയ്ക്കുള്ള കരാർ നൽകി, തുക നൽകിയിട്ടുള്ളത്. മുകളിൽ കാണിച്ചിട്ടുള്ള കാരണങ്ങളാൽ തന്നെ കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ലന്നത് വ്യക്തമാകുകയാണ്. ആയതിനാൽ തന്നെ 2019 ഫെബ്രുവരി മാസം വാങ്ങിയ ഉപകരണങ്ങളുടെ വാറന്റി കാലാവധികൾ കഴിഞ്ഞ് കാണാൻ സാധ്യതയുള്ളതിനാൽ കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ വിലയായ 46271.66/- രൂപ തിരികെ ലഭിയ്ക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിയ്ക്കേണ്ടതാണ്. തുക തിരികെ ലഭിയ്ക്കാത്ത പക്ഷം 46271.66/- രൂപ ടി ഉപകരണങ്ങൾ വിതരണം ചെയ്ത കാലയളവിലെ സെക്രട്ടറിയുടെ ബാധ്യതയായിരിയ്ക്കും. കരാറുകാരൻ കൈപ്പറ്റിയ ഉപകരണങ്ങളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ഉകരണങ്ങളുടെ തരം | എണ്ണം | നിരക്ക് | തുക |
|---|---|---|---|
| 15 വാട്ടിന്റെ എൽ.ഇ.ഡി. ബൾബും | 206 | 194.06 | 39976.36 |
| 15 വാട്ടിന്റെ പെൻഡന്റ് ഹോൾഡർ | 206 | 17.55 | 3615.3 |
| 1.5mm ന്റെ സിങ്കിൾ കോർ അലൂമിനിയം വയർ | 10 | 11.69 | 116.9 |
| ഇൻസുലേഷൻ ടേപ്പ് | 10 | 256.31 | 2563.1 |
| അകെ | | | 46271.66 |

## 1-30 കാലിത്തീറ്റ സബ്സിഡി -ഗുണഭോക്തൃ തെരഞ്ഞെടുപ്പ് പൂർത്തിയായില്ല

പ്രോജക്ടിന്റെ പേര് - കറവപശുക്കൾക്ക് കാലിത്തീറ്റ

പ്രോജക്ടിന്റെ നമ്പർ - S0009/20

ബിൽ നം - 2/19-20, Rs.59000/-, 16/12/2019

3/19-20, Rs.75000/-, 24/02/2020

4/19-20, Rs.59000/-, 01/12/2020

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഡയറി ഫാം ഇൻസ്പെക്ടർ

കറവയുള്ള ഒരു പശുവിന് പരമാവധി 100 കി.ലോ കാലിത്തീറ്റ ഒരു മാസത്തിൽ 50 ശതമാനം സബ്സിഡി നിരക്കിൽ നൽകുന്ന പദ്ധതി പ്രകാരം 80 ഗുണഭോക്താക്കൾക്ക് 4 ബാഗ് വീതം 5460(2000(സബ്സിഡി)+3460(ഗുണഭോക്തൃ വിഹിതം)) രൂപയ്ക്ക് നൽകിയിട്ടുണ്ട്.

2019-20 ലെ ഗ്രാമസഭ മിനുറ്റ്സ് പരിശോധിച്ചതിൽ 80 ഗുണഭോക്താക്കളിൽ സന്ധ്യമോൾ(വാർഡ്-2), അജിത ശശി(വാർഡ്-2), മഞ്ജരി ചന്ദ്രവിലാസം (വാർഡ്-12) എന്നീ 3 പേരെ മാത്രമാണ് ഗ്രാമസഭ അംഗീകരിച്ചതായി കാണുന്നുള്ളു. ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.22/19-20) നൽകിയിരുന്നെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

ഗുണഭോക്താക്കളെ ഗ്രാമസഭയിൽ അംഗീകരിച്ചതിന്റെ/സാധൂകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. വിഷയം വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-31 പാലിയേറ്റീവ് കെയർ മരുന്നുകളും ഉപകരണങ്ങളും ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി നടപ്പിലാക്കിയ പാലിയേറ്റീവ് കെയർ എന്ന പദ്ധതിയ്ക്ക് വേണ്ടി ആകെ 171985 രൂപ കേരള മെഡിയ്ക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിലേയ്ക്ക് അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 76/20 |
| പ്രോജക്ട് | പാലിയേറ്റീവ് കെയർ |
| അടങ്കൽ | 500000/-((പൊതുവിഭാഗം സാധാരണവിഹിതം)+100000(ബ്ളോക്ക് വിഹിതം) |
| ചെലവ് | ഇൻവോയിസ് നം PRF3452/23-12-2019-80000/-,<br>ഇൻവോയിസ് നം PFF3451/23-12-2019-26253/- |

| | |
|---|---|
| | ഇൻവോയിസ് നം PRF3454/23-12-2019-65732/- ആകെ 171985/-<br>ട്രഷറി ബിൽ നം 9/19-20/01-01-20 171985/- |

171985/-രൂപ പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുള്ളതാണ്. എന്നാൽ ഇതു വരെയും 165565/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. 6420/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 4/08-02-22 നൽകിയിരുന്നുവെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ പൂർണ്ണമായും ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. 6420/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-32 കോയിൽമുക്ക്, ചങ്ങംകരി എൽ.പി.സ്കൂളുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - ഓഫറുകളിലെ സ്പെസിഫിക്കേഷനിൽ ഏകീകൃത സ്വഭാവമില്ല – കുറഞ്ഞ ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല

പ്രോജക്ട് നമ്പർ - SO071/20

അടങ്കൽ - 100000/- (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)

ചെലവ് - ബിൽ നം.4/28.2.20 – 47040/-

നിർവ്വഹണം - എച്ച്.എം.ജി.എൽ.പി.എസ്.കോഴിമുക്ക്

എച്ച്.എം. നിർവ്വഹണം നടത്തിയ സ്കൂളുകളിലേക്ക് കളിയുപകരണങ്ങൾ എന്ന പ്രോജക്ടിലുൾപ്പെടുത്തി മെറിഗോ റൌണ്ട് 2 എണ്ണം ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, ആനക്കൽ, കാഞ്ഞിരപ്പള്ളിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 26.7.19 ലെ എ4-5344/19 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം മൈൽഡ് സ്റ്റീലിലുള്ള 4 സീറ്റർ മെറിഗോ റൌണ്ട് ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിന് ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, ആനക്കൽ,ജോജിൻ ഇൻഡസ്ട്രീസ്, മുത്തോലി, പാല, പ്ലാസ്സ എന്റർപ്രസ്സസ്, കലഞ്ഞൂർ എന്നീ സ്ഥാപനങ്ങളാണ് ഓഫറുകൾ സമർപ്പിച്ചിട്ടുള്ളത്.ഓരോ സ്ഥാപനവും സമർപ്പിച്ച സ്പെസിഫിക്കേഷനുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്പെസിഫിക്കേഷൻ | നിരക്ക് |
|---|---|---|---|
| 1 | ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, ആനക്കൽ | DIAMETER 130 CM*HEIGHT 75CM, FOUR SEATER MADE WITH 40*10MMGI, OUTER FRAME 20MM, FOOT REST 25MM ROUND GI, CENTRE PIPE 50MM ROUND GI WILL HAVE SUPPORT OF 4 PC 25MM PIPE, LONG LASTING DOUBLE WIRING SYSTEM WHICH CAN REFIT, ATTRACTIVE COLOUR PAINT WHICH CAN RESIST HEAT AND RAIN | 21000+12% GST = 23520/- |
| 2 | ജോജിൻ ഇൻഡസ്ട്രീസ്, മുത്തോലി, പാല | മെറിഗോ റൌണ്ട് -4 സീറ്റർ, മൈൽഡ് സ്റ്റീൽ | 21800/- |
| 3 | പ്ലാസ്സ എന്റർപ്രസ്സസ്, കലഞ്ഞൂർ | മെറിഗോ റൌണ്ട് - 4 സീറ്റർ, മൈൽഡ് സ്റ്റീൽ 1"x2"x1 1/4"pipe | 12900 |
| | | മെറിഗോ റൌണ്ട് - 4 സീറ്റർ, മൈൽഡ് സ്റ്റീൽ 2"x1 1/2"x1 1/2"pipe | 16900 |
| | | മെറിഗോ റൌണ്ട് - 4 സീറ്റർ, മൈൽഡ് സ്റ്റീൽ 3"x1 1/2"x1 1/2"pipe | 19900 |

ലഭ്യമായ ഓഫറുകൾ പരിശോധിച്ചതിൽ സ്പെസിഫിക്കേഷനിൽ ഏകീകൃത സ്വഭാവം ഇല്ലന്ന് കാണുന്നു. ക്വട്ടേഷനിൽ ആവശ്യപ്പെട്ട രീതിയിലുള്ള സ്പെസിഫിക്കേഷൻ ജോജിൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനമാണ് നൽകിയിട്ടുള്ളത്. വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ഓഫറുകൾ ലഭിച്ചിരിക്കെ അതിൽ വ്യക്തത വരുത്താതെ 13.8.19 ലെ പ്രൊക്വയർമെന്റ് കമ്മറ്റിയിൽ ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, ആനക്കൽ എന്ന സ്ഥാപത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാമെന്ന് തീരുമാനിക്കുകയാണുണ്ടായിട്ടുള്ളത്. ഇപ്രകാരം വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ഓഫറുകളിൽ വ്യക്തത വരുത്താതെ ഡ്രീം ഇൻഡ്യ സ്കൂൾ എയിഡിൽ നിന്ന് വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാനും ഉപകരണങ്ങളുടെ വാറന്റി/ഗ്യാരന്റി കാർഡുകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്. 15/14.2.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട രീതിയിലുള്ള സ്പെസിഫിക്കേഷനിലുള്ളതും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതുമായ ജോജിൻ ഇൻഡസ്ട്രീസിൽ നിന്ന് ഉപകണങ്ങൾ വാങ്ങാതിരുന്നതു വഴി 3440/- രൂപയുടെ (23520x2 – 21800x2) അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 13.8.19 ലെ പ്രൊക്വയർമെന്റ് കമ്മറ്റിയിലെ തീരുമാനപ്രകാരമുള്ള വാങ്ങൽ നടത്തിയതിനാലുള്ള അധിക ചെലവ് ആയതിനാൽ ഈ തുക 13.8.19 ലെ പ്രൊക്വയർമെന്റ് കമ്മറ്റിയിൽ പങ്കെടുത്തവരിൽ വി.ഇ.ഒ. ഒഴികെയുള്ളവരുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

## 1-33 കന്നു കുട്ടി പരിപാലനനം - പ്രോജക്ട് നടപ്പാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം/പേര് | 51/കന്നുകുട്ടി പരിപാലന പദ്ധതി |

| | |
|---|---|
| അടങ്കല് | 312500(വിഫ ജനറൽ)<br>312500(സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| ചെലവ് | 312500(വിഫ ജനറൽ) |
| ബിൽ നം | 6/19-20/28.10.19-300000<br>15/19-20/20.02.20-12500 |
| നിർവ്വഹണം | വെറ്ററിനറി സർജൻ |

നാലു മാസം മുതൽ ആറു മാസം വരെ പ്രായമായ കന്നു കുട്ടികളെ തെരഞ്ഞെടുത്ത് ഇൻഷ്വറൻസ് നല്കുകയും അൻപതു ശതമാനം സബ്സിഡിയോടു കൂടി പാൽ സൊസൈറ്റി മുഖേന എല്ലാമാസവും കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണിത്. ബിൽ പ്രകാരം പിൻവലിച്ച തുക കാഫ് ഫീഡ് അസി.ഡയറക്ടർക്ക് അക്കൗണ്ട് ട്രാൻസ്ഫർ ചെയ്ത് നല്കിയിട്ടുണ്ട് .

പദ്ധതിയുടെ ഫയലിൽ 110 പേരുടെ പേരും മേൽ വിലാസവും, വാർഡ് നമ്പരും ഉൾപ്പെടുന്ന 2019-20 ലെ ഗുണഭോക്തൃ ലിസ്റ്റ് ഉണ്ട്. എന്നാൽ കാലിത്തീറ്റ വിതരണം നടത്തുന്ന സൊസൈറ്റിയുടെ പേര് , തെരഞ്ഞെടുത്ത ക്ഷീര കർഷകരുടെ വിവരം , പദ്ധതി നടത്തിപ്പിന്റെ പുരോഗതി എന്നിവ ഇല്ല .

2019-20 ൽ ആവിഷ്കരിച്ച പദ്ധതി നിലവിലും നടപ്പാക്കിയിട്ടില്ലാത്തതിന്മേൽ വിശദീകരണം ആവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് അന്വേഷണം നം. 10/19-20/10.02.22 ന് പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ സംസ്ഥാനാവിഷ്കൃ ഫണ്ട് ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പും കാലിത്തീറ്റ വിതരണം നടത്തേണ്ട ക്ഷീര സംഘത്തെയും തെരഞ്ഞെടുത്തില്ലാത്തതിനാൽ കാലിത്തീറ്റ വിതരണം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് മറുപടി നല്കി.

പ്രോജക്ട് നിലവിലും നടപ്പാക്കിയിട്ടില്ലാത്തതിനാൽ കാഫ് ഫീഡ് അസി.ഡയറക്ടർക്ക് അനുവദിച്ച 312500/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ട് അടിയന്തിരമായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വിഷയം വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു .

## 1- 34 എസ്.എസ്.എ. വിഹിതം - ഗ്രാമപഞ്ചായത്ത് വിഹിതമായി നൽകിയ തുകയും വിനിയോഗസാക്ഷ്യപത്രത്തോടൊപ്പമുള്ള ചെലവ് പത്രികയിലെ തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു.

പ്രോജക്ട് നം - S0060/20

അടങ്കൽ - 600000/- (വികസനഫണ്ട് - സാധാരണവിഹിതം)

ചെലവ് - ബിൽ നം. 1/8.8.2019 – 600000/-

നിർവ്വഹണം - എച്ച്.എം.ജി.എൽ.പി.എസ്. കോഴിമുക്ക്

പ്രോജക്ടിലുൾപ്പെടുത്തി നൽകിയ 600000/- രൂപ ചെലവഴിച്ചതായി 22.9.20 ലെ SSA.1/374/2019-20 നമ്പർ വിനിയോഗസാക്ഷ്യപത്രത്തിൽ എസ്.എസ്.എ. ജില്ലാ പ്രോജക്ട് ഓഫീസർ അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രത്തോടൊപ്പമുള്ള ചെലവ് പത്രികയിൽ CWSN ടോയ് ലറ്റിനായി 56000/- രൂപയും മേജർ റിപ്പയറിനായി 253800/- രൂപയും ലൈബ്രറിക്കായി 6096/- രൂപയും സ്പോർട്സ് & ഫിസിക്കൽ എഡ്യൂക്കേഷനായി 7210/- രൂപയും ഗ്രാമപഞ്ചായത്ത് വിഹിതം ചെലവഴിച്ചിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് മേൽ പ്രവർത്തികൾ നടത്തിയിട്ടുള്ളതെന്ന് വ്യക്തമല്ല. വിനിയോഗസാക്ഷ്യപത്രത്തിൽ ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ നൽകേണ്ട 890117/- രൂപയിൽ നൽകിയ 600000/- രൂപ ചെലവഴിച്ചതായി രേഖപ്പെടുത്തിയിരിക്കെ ഇതിനോടൊപ്പമുള്ള ചെലവ് പത്രിക പ്രകാരം 19-20 ൽ ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിലെ ചെലവ് 1566987/- രൂപയാണെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിന് വിശദീകരണവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 14/14.2.22 നൽകിയതിന് മറുപടി ലഭ്യമാക്കില്ല. അപാകതകൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കുന്നതുവരെ 600000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 എസ്.ജി.എസ്.റ്റി. , സി.ജി.എസ്.റ്റി. ഒടുക്കുവാനായി പിൻവലിച്ച തുകയുടെ അടവ് - രേഖകൾ ലഭ്യമാക്കിയില്ല - തുക തടസ്സപ്പെടുത്തുന്നു

എസ്.ജി.എസ്.റ്റി, സി.ജി.എസ്.റ്റി. ഒടുക്കുന്നതിനായി ചുവടെ ചേർക്കുന്ന വൌച്ചറുകൾ പ്രകാരം തുകകൾ പിൻവലിച്ചിട്ടുണ്ടെങ്കിലും തുകയുടെ ഒടുക്ക് പരിശോധിക്കുന്നതിനുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 40/17.2.22 നൽകിയെങ്കിലും രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നതുവരെ 42504/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദാംശം ചുവടെ ചേർക്കുന്നു

| വൌച്ചർ നമ്പർ | തുക |
|---|---|

| | |
|---|---|
| 21900051/17.4.19 | 15221 |
| 21900052/17.4.19 | 15221 |
| 21900124/16.5.19 | 5317 |
| 21900125/16.5.19 | 5317 |
| 21900190/19.6.19 | 714 |
| 21900191/19.6.19 | 714 |
| ആകെ | 42504/- |

## 1-36 ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഡേറ്റാ എൻട്രി - ആവശ്യകത ബോധ്യപ്പെടുത്തിയില്ല

ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി പഞ്ചായത്തിലെ ഫയലുകൾ ക്രമീകരിക്കുന്നതിനും ഭൌതീക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും സാധനസാമിഗ്രികൾ വാങ്ങുന്നതിനുമായി വികസനഫണ്ട് പൊതുവിഭാഗവും തനത്ഫണ്ടും വകയിരുത്തി19-20 ൽ പ്രോജക്ട് ആവിഷ്കരിച്ച് (S002/20) 196177/- രൂപ ചെലവഴിച്ചിരുന്നു. തനത് ഫണ്ട് വൌച്ചറുകൾ പരിശോധിച്ചതിൽ ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഒക്ടോബർ, നവംബർ മാസങ്ങളിൽ യഥാക്രമം 16ഉം 26 ഉം ദിവസം ഡേറ്റാ എൻട്രി നടത്തിയതിന് ഡിസംബർ മാസത്തിൽ സോണിയ ജോസഫ് എന്നയാൾക്ക് 31080/- രൂപയും (വൌച്ചർ നമ്പർ 21900751/13.12.19 , ചെക്ക് നമ്പർ -2648/13.12.19) ജനുവരി മാസത്തിൽ സോണിയ ജോസഫ് 8ദിവസവും ശംഖൊലി വിജയൻ 5 ദിവസവും ഡേറ്റാ എൻട്രി നടത്തിയതിന് യഥാക്രമം 5920/- രൂപയും 3700/- രൂപയും ( വൌച്ചർ നമ്പർ 21900806/1.1.20 , ചെക്ക് നമ്പർ -2773343/3.1.20 ) നൽകിയിട്ടുണ്ട്. ഐ.എസ്.ഒ. സർട്ടിഫിക്കേഷന്റെ ഭാഗമായി ഡേറ്റാ എൻട്രി നടത്തുന്നതിന് തുക നൽകുവാൻ അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവും ഇത്തരം ഒരു ഡേറ്റാ എൻട്രിയുടെ ആവശ്യകതയും ഇവർചെയ്ത പ്രവർത്തികളുടെ വിശദാംശവും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 37/16.2.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ചെലവിന്റെ ആവശ്യകതയും ഐ.എസ്.ഒ.യുടെ ഭാഗമായി ഡേറ്റാ എൻട്രി വർക്കുകളുടെ വിശദാംശങ്ങളും ലഭ്യമാക്കാത്തതിനാൽ ഇതിനായി ചെലവഴിച്ച 40700/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-37 വസ്തുനികുതി ഡമാന്റ് നോട്ടീസ് വിതരണം ചെയ്യതിനുള്ള തുക കുടുംബശ്രീ പ്രവർത്തകർക്ക് നൽകിയ തുകയുടെ വിതരണവിവരം ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു.

നൂറ് ശതമാനം വസ്തുനികുതി പിരിവ് ലക്ഷ്യം കൈവരിക്കുന്നതിന്റെ ഭാഗമായി 15 വാർഡുകളിലും വസ്തുനികുതി ഡമാന്റ് നോട്ടീസ് വിതരണം ചെയ്യതിന് വീടൊന്നിന് 5/- രൂപ ക്രമത്തിൽ (തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 6.2.15 ലെ 55247/ഐ.എ.1/14 നമ്പർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ) കുടുംബശ്രീ പ്രവർത്തകർക്ക് നൽകുന്നതിനായി 11305/- രൂപ (വൌച്ചർ നമ്പർ 21900853/17.1.20, ചെക്ക് നമ്പർ - 2687) വിൻവലിച്ചിട്ടുണ്ടെങ്കിലും തുക ആർക്ക് നൽകിയെന്നതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല. രേഖകൾ ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം നം. 34/16.2.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 34/16.2.22 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.വിതരണവിവരം ലഭ്യമാക്കുന്നത് വരെ 11305/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-38 ഡേറ്റാ എൻട്രി ഓപ്പറേറ്റർക്ക് വേതനം - നിയമനത്തിന്റെ ആവശ്യകത വിശദീകരിച്ചില്ല - തുക തടസ്സപ്പെടുത്തുന്നു.

ഡേറ്റാ എൻട്രി നടത്തിയതിന്റെ ദിവസവേതനമിനത്തിൽ ശംഖൊലി വിജയൻ എന്നയാൾക്ക് വൌച്ചർ നമ്പർ 21901003/2.3.20 പ്രകാരം 17020/- രൂപയും(23x740) വൌച്ചർ നമ്പർ 21900907/1.2.20 പ്രകാരം 17020/- രൂപയും (24x740) രൂപയും നൽകിയിട്ടുണ്ട്. ടിയാളെ ഏത് ഫയലുകൾ ഡേറ്റാ എൻട്രി നടത്തുന്നതിനാണ് നിയമിച്ചതെന്നും ആയതിന് ഡേറ്റാ എൻട്രി ഓപ്പറേറ്ററെ നിയമിച്ച് വേതനം നൽകാൻ അനുവദിച്ച കൊണ്ടുള്ള സർക്കാർ ഉത്തരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 35/16.2.22 മുഖേനെ ആവശ്യപ്പെട്ടുവെങ്കിലും ലഭ്യമാക്കിയില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ 34040/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-39 റീ.ബിൽഡ് കേരളായുടെ ഭാഗമായുള്ള ഡേറ്റാ എൻട്രി നടത്തിയതിന് ചെലവഴിച്ച തുക - പഞ്ചായത്ത് ഫണ്ടിലേക്ക് റീ ക്ലപ്പ് ചെയ്ത് ലഭിച്ചതിന്റെ രേഖകൾ ലഭിച്ചില്ല

റീബിൽഡ് കേരളായുടെ ഭാഗമായി ഡേറ്റാ എൻട്രി നടത്തിയതിന് സോണിയ ജോസഫ് എന്നയാൾക്ക് ചുവടെ ചേർക്കും പ്രകാരം തുക നൽകിയിട്ടുണ്ട്. റീ ബിൽഡ് കേരളായുടെ ഭാഗമായുള്ള ഡേറ്റാ എൻട്രി വർക്കുകൾക്ക് തനത് ഫണ്ടിൽ നിന്ന് അനുവദിച്ച തുക സർക്കാരിൽ നിന്ന് തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 45/16.2.22 നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കി പരാമർശം ഒഴിവാക്കേണ്ടതാണ്.

| വൌച്ചർ നമ്പർ | ചെക്ക് നമ്പർ | തുക |
|---|---|---|
| 21900015/2.4.19 | 2308/2.4.19 | 18125/- |

| | | |
|---|---|---|
| | | (25x725) |
| 21900089/3.5.19 | 2336/2.5.19 | 14500/-<br>(20x725) |
| 21900165/3.6.19 | 2416/3.6.19 | 15225/-<br>(21x725) |
| 21900249/4.7.19 | 2439/2.7.19 | 18125/-<br>(25x725) |
| 21900329/13.8.19 | 2476/13.8.19 | 19240/-<br>(26x740) |
| 21900634/7.11.19 | 2612/7.11.19 | 5920/-<br>(8x740 ) |

## 1-40 ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി- ലക്ഷ്യത്തിൽ നിന്നും വ്യതിചലിക്കുന്നു

ദാരിദ്ര്യ നിർമ്മാർജ്ജനം എന്ന ലക്ഷ്യത്തിൽ നിന്നും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അകലുന്നു. എടത്വാ ഗ്രാമ പഞ്ചായത്തിൽ 2019-20 വർഷം റോഡ് നിർമ്മാണം, റോഡ് ഉയർത്തൽ, ഇൻർ ലോക്ക് വിരിക്കൽ എന്നിങ്ങനെ അടിസ്ഥാന സൗകര്യ വികസനം, ആസ്തി സൃഷ്ടിക്കൽ എന്നീ മേഖലകളിൽ മെറ്റീരിയൽ വർക്കുകൾ നടപ്പാക്കി. പഞ്ചായത്തിലെ റോഡ് ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുവാൻ എൽ.എസ്.ജി.ഡി വിഭാഗം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുമ്പോൾ ഇരുപതോളം റോഡ് നിർമ്മാണ / വികസന പ്രവർത്തികൾ തൊഴിലുറപ്പ് മുഖേന നടപ്പാക്കിയതിലൂടെ കരാറുകാർക്കാണ് സാമ്പത്തികനേട്ടം ഉണ്ടായത് .

സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പിന്റെ ഭാഗമാണെങ്കിലും തൊഴിലാളികൾക്ക് വളരെ തുശ്ചമായ തുക മാത്രമാണ് ഇപ്രകാരമുള്ള പ്രവർത്തനങ്ങളിലൂടെ വേതനമായി ലഭിയ്ക്കുന്നത്. കൂടാതെ അവരുടെ പങ്കാളിത്തവും വളരെ കുറവാണ്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു

| | വർക്കിൻറെ പേര് | കരാറുകാരന്റെ പേര് | അൺസ്കില്ഡ് ലേബർ വേതനം | സെമിസ്കിൽഡ് /സ്കില്ഡ് വേതനം | കരാറുകാരന് ലഭിച്ച തുക | ചെലവായ തുക |
|---|---|---|---|---|---|---|
| 1 | വാർഡ് 2 ൽ തുണ്ടിയിൽ പടി മുതൽ കുനം പാക്കൽ പടി വരെ റോഡ് നിർമ്മാണം ഘട്ടം 1 | തോമസ് അന്റണി | 7588 | 60200 | 328219 | 399007 |
| 2 | വാർഡ് 3 ൽ ഗവ എൽ പി എസ് മുതൽ ചേക്കയിൽ പടി വരെ റോഡ് നിർമ്മാണം റീച് 1 | തോമസ് അന്റണി | 6233 | 0 | 89700 | 98933 |
| 3 | വാർഡ് 5 ൽ വലിയപറമ്പ് പടി മുതൽ പടിഞ്ഞാറോട്ട് റോഡ് നിർമ്മാണം ഘട്ടം 1 | ആന്റോ അൽഫോൺസ് | 28726 | 0 | 316875 | 348601 |
| 4 | വാർഡ് 4 ൽ കളത്തിൽ പടി മുതൽ പറപ്പള്ളി പടി വരെ റോഡ് ഉയർത്തൽ (1611004002/RC/288897 | സോജൻ ഫ്രാൻസിസ് | 9214 | 0 | 175328 | 187542 |
| 5 | വാർഡ് 6 ൽ PWD മുതൽ കുന്നേൽപ്പടി വരെ റോഡ് ഇന്റെർലോക്കിങ് ഘട്ടം 1(1611004002/RC/288926) | സോജൻ ഫ്രാൻസിസ് | 5962 | 10400 | 207230 | 226592 |
| 6 | വാർഡ് 7 ൽ വരമ്പത്ത് പടി മുതൽ മാളിയേക്കൽ പടി വരെ റോഡ് നിർമ്മാണം ഘട്ടം 1(1611004002/RC/288931) | തോമസ് അന്റണി | 20485 | 7650 | 326383 | 357518 |
| 7 | വാർഡ് 7 ൽ വരമ്പത്ത് പടി മുതൽ മാളിയേക്കൽ പടി വരെ റോഡ് | തോമസ് അന്റണി | 20736 | 14125 | 327338 | 362199 |

| | | | | | | |
|---|---|---|---|---|---|---|
| | നിർമ്മാണം ഘട്ടം 2 | | | | | |
| 8 | വാർഡ് 4 ൽ 8 ൽ പടി മുതൽ MP പാലം വരെ റോഡ് നിർമ്മാണം ഘട്ടം 2(1611004002/RC /289366) | ആന്റോ അൽഫോൺസ് | 12466 | 0 | 178900 | 194366 |
| 9 | വാർഡ് 4 ൽ ഇല്ലിമൂട് പടി മുതൽ കുന്നേൽ കോളനി വരെ റോഡ് നിർമ്മാണം ഘട്ടം 1(1611004002/RC /290138) | സോജൻ ഫ്രാൻസിസ് | 2710 | 0 | 187634 | 193634 |
| 10 | വാർഡ് 4 ൽ ഉരുത്തേൽ പടി മുതൽ പുഞ്ചയിൽ പടി വരെ റോഡ് ഇന്റർലോക്കിംഗ് (1611004002/RC/290475) | സോജൻ ഫ്രാൻസിസ് | 2439 | 17990 | 295131 | 318560 |
| 11 | വാർഡ് 10 ൽ മുണ്ടുതോട് റോഡ് നിർമ്മാണം ഘട്ടം 1 (1611004002/RC/294885) | സോജൻ ഫ്രാൻസിസ് | 2710 | 35000 | 403139 | 443849 |
| 12 | വാർഡ് 10 ൽ മുണ്ടുതോട് റോഡ് നിർമ്മാണം ഘട്ടം 2 (1611004002/RC /294886) | സോജൻ ഫ്രാൻസിസ് | 2710 | 36000 | 398377 | 437087 |
| 13 | വാർഡ് 10 ൽ മുണ്ടുതോട് റോഡ് നിർമ്മാണം ഘട്ടം 3 (1611004002/RC /294887) | സോജൻ ഫ്രാൻസിസ് | 2710 | 36000 | 398697 | 437407 |
| 14 | വാർഡ് 10 ൽ മുണ്ടുതോട് റോഡ് നിർമ്മാണം ഘട്ടം 4 | സോജൻ ഫ്രാൻസിസ് | 2981 | 38000 | 402711 | 443692 |
| 15 | വാർഡ് 13 ആമ്പക്കാട് പടി മുതൽ കോളനി പാടി വരെ റോഡ് നിർമാണം (1611004002/RC/301583) | സെൽവിൻ തോമസ് | 26829 | 0 | 371250 | 401079 |
| 16 | വാർഡ് 5 ൽ അമ്പിയായത്ത് പടി മുതൽ തെക്കേടത് പടി വരെ റോഡ് നിർമ്മാണം ഘട്ടം റീച്ച് 1 | ആന്റോ അൽഫോൺസ് | 13195 | 0 | 304600 | 320795 |
| 17 | വാർഡ് 8 ൽ കുഞ്ചായിൽ പടി മുതൽ പനക്കൽ പാലം വരെ റോഡ് നിർമ്മാണം (1611004002/RC/288715) | സോജൻ ഫ്രാൻസിസ് | 25203 | 0 | 183590 | 211793 |
| 18 | വാർഡ് 8 ൽ മണ്ണണ്ണി മോട്ടോർ തറ മുതൽ വടക്കോട്ടു റോഡ് നിർമാണം(1611004002/RC /288994) | സോജൻ ഫ്രാൻസിസ് | 10298 | 0 | 201825 | 215123 |
| 19 | വാർഡ്5 ൽ പറപ്പള്ളിപ്പടി മുതൽ വടക്കോട്ട് റോഡ് നിർമ്മാണം റീച്ച്1 (1611004002/RC/288900) | ആന്റോ അൽഫോൺസ് | 9754 | 0 | 264000 | 276754 |

| | | | | | |
|---|---|---|---|---|---|
| ആകെ തുക | | 212769 | 219365 | 5360927 | 5874531 |

മേൽ പട്ടിക പരിശോധിച്ചാൽ, പ്രവർത്തികൾക്കായി ആകെ ചെലവഴിച്ച തുകയിൽ വളരെ കുറഞ്ഞൊരു വിഹിതം മാത്രമേ തൊഴിലുറപ്പ് തൊഴിലാളികൾക്ക് ലഭിച്ചിട്ടുള്ളൂ എന്ന് വ്യക്തമാകുന്നു. ഇത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങളിൽ നിന്നുള്ള വ്യതിയാനമാണ്. ലേബർ- മെറ്റീരിയൽ വിഹിതം 60/40 എന്ന അനുപാതത്തിൽ നിലനിർത്തികൊണ്ട് പ്രവൃത്തികൾ പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. തൊഴിലുറപ്പ് തൊഴിലാളികൾക്ക് ആവശ്യമായ വേതനം ലഭിക്കും വിധം പ്രവർത്തികൾ നടപ്പാക്കേണ്ടതും കൂടുതൽ തുക അടങ്കലിൽ വരുന്ന പദ്ധതികൾ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം മുഖേന നടപ്പാക്കേണ്ടതുമാണ് .

## 1-41 ഹരിത കർമ്മസേന പ്രവർത്തനം നിലച്ചു

സംസ്ഥാനത്തെ രൂക്ഷമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണുന്നതിനും മാലിന്യത്തെ വരുമാനം ആയി മാറ്റുകയെന്ന ലക്ഷ്യത്തോടെ രൂപീകരിച്ച സംവിധാനമാണ് ഹരിതകർമ്മസേന. ഗ്രാമപഞ്ചായത്തിനെ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ 2018-19 ൽ ഹരിതകർമ്മസേനയുടെ പ്രവർത്തനം ആരംഭിക്കുകയും ക്രിസ്സ് ഗ്ലോബൽ കമ്പനി തിരുവല്ല ആയിരുന്നു പ്രാരംഭഘട്ടത്തിലേ ഹരിതസഹായ സ്ഥാപനമെങ്കിലും നിലവിൽ പാലക്കാട് ഐ.ആർ.ടി.സി. യാണ് നിലവിലെ ഹരിതസഹായസ്ഥാപനം. വി.ഇ.ഒ. ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം 22 ഹരിതകർമ്മസേനാംഗങ്ങളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. കുടുംബങ്ങളിൽ നിന്ന് 50/- രൂപയും കച്ചവടസ്ഥാപനങ്ങൾക്ക് 100/- രൂപയുമാണ് യൂസർഫീ ഈടാക്കിവരുന്നത്.

22 അംഗങ്ങൾ ഉള്ള ഹരിതകർമ്മസേനാംഗങ്ങൾക്ക് ജൈവവും, അജൈവവുമായ മാലിന്യങ്ങൾ വീട്ടുകളിൽ നിന്നും കച്ചവടസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് അവ തരം തിരിക്കുന്നതിനുള്ള പരിശീലനവും ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ സവിശേഷതകൾക്കനുസരിച്ചും ഹരിതകേരളം മിഷന്റെ മാർഗ്ഗനിർഗദ്ദേശങ്ങൾക്കനുസരിച്ചും ചെയ്യുന്നുണ്ട്. ഗ്രാമപഞ്ചായത്തിലെ വിവിധ ഭാഗങ്ങളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ എടത്വാ മാർക്കറ്റിൽ ഒരുമിച്ച് കൊണ്ട് വന്ന് ക്ലീൻ കേരളാ കമ്പനിയ്ക്ക് അറിയിപ്പ് നൽകി അവർക്ക് നൽകുകയാണ് ചെയ്തിട്ടുള്ളതെന്നും വി.ഇ.ഒ. മറുപടി നൽകിയിരുന്നു.

ഹരിത കർമ്മസേനയുടെ പാസ് ബുക്കിൽ (BOB-13787)യൂസർ ഫീസ് മാത്രമാണ് വരവ് വന്നിട്ടുള്ളത്. യൂസർഫീസ് പിരിവ് സംബന്ധിച്ച രസീത് ബുക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ അക്കൗണ്ടിൽ നിലവിൽ 65699.40രൂപ (03.01.22) നീക്കിയിരുപ്പുണ്ട്. 27.12.2021 ന ശേഷം വരവൊന്നും വന്നിട്ടില്ല. ആയതിൽ നിന്നും നിലവിൽ ഹരിത കർമ്മസേന പ്രവർത്തനക്ഷമമല്ല എന്ന് കാണുന്നു. പ്ലാസ്റ്റിക് ക്ലീൻ കേരളാ കമ്പനിയ്ക്ക് നൽകിയതായി മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ ഇനത്തിൽ ഏത് അക്കൗണ്ടിലാണ് വരവ് വന്നത് എന്ന് വ്യക്തമല്ല. ഇതിന്റെ കളക്ഷൻ, വിൽപന എന്നിവ സംബന്ധിച്ച് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

ജൈവ-അജൈവ മാലിന്യങ്ങൾ തരംതിരിച്ച് സംസ്കരണം നടത്തുന്നതിനായി എം.സി.എഫ്, എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് എന്നിവ ഇതേ വരെയും സ്ഥാപിച്ചിട്ടില്ല എന്നതിൽ നിന്നും മാലിന്യസംസ്കരണത്തിൽ പഞ്ചായത്തിന്റെ അലംഭാവം പ്രകടമാണ്.

## 1-42 ലൈഫ് പദ്ധതി അവലോകനം

എല്ലാവർക്കും സുരക്ഷിത ഭവനമെന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന സമ്പൂർണ്ണ പാർപ്പിട പദ്ധതിയാണ് ലൈഫ് ഭവന പദ്ധതി. . 2019-20ൽ പഞ്ചായത്തിൽ ലൈഫ് പദ്ധതി പ്രകാരം ആനുകൂല്യം നല്കിയത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥയായ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ നല്കിയ വിവരങ്ങൾ (ഓഡിറ്റ് അന്വേഷണം നം.7/09.02.22 ) ചുവടെ ചേർക്കുന്നു.

1. ലൈഫ് പദ്ധതിക്കായി 2019-20 കാലയളവിൽ ആകെ വകയിരുത്തിയതും ചെലവഴിച്ചതുമായ ഫണ്ട്

| വകയിരുത്തിയതും ചെലവഴിച്ചമായ തുക | |
|---|---|
| പദ്ധതി വിഹിതം | 3028632 |
| ബ്ലോക്ക് വിഹിതം | 1120154 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 310000 |
| സംസ്ഥാന ഫണ്ട് | 80000 |
| ഹഡ്കോ വായ്പ | 480000 |

2. 2019 - 20ലെ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ

| ലക്ഷ്യം വച്ചിട്ടുള്ള ആകെ ഭവന നിർമ്മാണം-63 | പൂർത്തീകരിച്ചവയുടെ എണ്ണം -57 |
|---|---|

3 . ഭാഗികമായി മാത്രം പൂർത്തിയാക്കിയവ സംബന്ധിച്ച വിവരം

| ഗുണഭോക്താവിന്റെ പേര് | നല്കിയിട്ടുള്ള തുക |
|---|---|

| | |
|---|---|
| ഷേർളിസന്തോഷ് ,പോളക്കൽ ചിറ,പാണ്ടങ്കേരി .പി.ഒ,എടത്വ | 200000 |
| സൗദാമിനി ബാലൻ | 300000 |

4. കരാർ വച്ചിട്ടും ഭവന നിർമ്മാണം ആരംഭിക്കാത്തവരുടെ വിവരം

| പേര് | കൈപ്പറ്റിയ തുക | തീയതി |
|---|---|---|
| ജോസ് ,പാട്ടത്തിൽ ,തായങ്കരി.പി.ഒ,എടത്വ | 40000 | 13.07.2018 |
| മഞ്ചു മോൾ ,മുരളി സദനം ,ചങ്ങംകരി.പി.ഒ,എടത്വ | 40000 | 23.07.2018 |
| എം.എ.പരമേശ്വരൻ ,മുപ്പത്തിനാലിൽ . പാണ്ടങ്കരി .പി.ഒ,എടത്വ | 40000 | 23.07.2018 |
| ഏലിയാമ്മ ,കിഴക്കേയറ്റം,എടത്വ .പി.ഒ,എടത്വ | 40000 | 13.07.2018 |

ഭവന നിർമ്മാണം പൂർത്തീകരിയ്ക്കുവാനുള്ളവർക്ക് അർഹമായ എല്ലാ സഹായങ്ങളും ചെയ്ത് സമയബന്ധിതമായി പദ്ധതി ലക്ഷ്യം കൈവരിയ്ക്കേണ്ടതാണ്. പദ്ധതിയിൽ നിന്നും പിൻമാറുന്നവരിൽ നിന്നും നിയമാനുസൃത പലിശയോടുകൂടി തുക തിരികെ ഈടാക്കേണ്ടതാണ്.

## 1-43 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അവലോകനം

ഗ്രാമപഞ്ചായത്തിൽ 2019-20 വർഷം തൊഴിലുറപ്പ് പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലന്വേഷകരുടെയും, സൃഷ്ടിക്കപ്പെട്ട തൊഴിലവസരങ്ങളുടെയും നടപ്പാക്കിയ പ്രവർത്തികളുടേയും വിശദാംശം ചുവടെ ചേർക്കുന്നു .

| | |
|---|---|
| തൻവർഷം രജിസ്ററർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 120 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 2263 |
| തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 1378 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1260 |
| സൃഷ്ടിക്കപ്പെട്ട തൊഴിൽ ദിനങ്ങൾ | 64050 |
| ഒരു കുടുംബത്തിനു ലഭ്യമായ ശരാശരി തൊഴിൽ ദിനങ്ങൾ | 46.48 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങൾ | 78 |

ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ

| | |
|---|---|
| ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 820 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 820 |
| തൻവർഷം പൂർത്തിയാക്കിയത് | 152 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | 35 |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | 27 |

വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 20 | 1409000 |
| 2 | വെള്ളപ്പൊക്ക നിയന്ത്രണം | 46 | 9951000 |
| 3 | ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം | 4 | 417000 |
| 4 | വരൾച്ചാ നിവാരണം | 16 | 1410000 |
| 5 | റൂറൽ കണക്ടിവിറ്റി | 18 | 5100100 |

| | | | |
|---|---|---|---|
| 6 | മറ്റ് പ്രവൃത്തികൾ | 48 | 2195804 |

( ഓഡിറ്റ് അന്വേഷണം . നം. 23/19-20/15.02.22 നള്ള മറുപടിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയത് )

### 1-44 ലൈൻ എക്സ്റ്റൻഷൻ - പ്രവർത്തിയുടെ പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ വാർഡ് - 14 ലെ ലൈൻ എക്സ്റ്റൻഷൻ പ്രവർത്തികൾക്കായി 110904/- രൂപ കെ.എസ്.ഇ.ബി. യിൽ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും വിനിയോഗവിവരങ്ങൾ ലഭ്യമല്ല. ആയത് ലഭ്യമാക്കവാൻ അവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം 39/17.2.22 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരങ്ങൾ ലഭ്യമാക്കുന്നത് വരെ 110904/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രോജക്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട് നം - S0128/20

അടങ്കൽ - 110904/- (ധനകാര്യകമ്മീഷൻ ഗ്രാന്റ് - 50000 + തനത് ഫണ്ട് -10904 + മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് - 50000)

ചെലവ്

ബിൽ നം. 21/8.11.19 - 50000/-

ബിൽ നം. 22/8.11.19 - 50000/-

ചെക്ക് നം.2773333/8.11.19 - 10904/-

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കോയിൽമുക്ക്, ചങ്ങംകരി എൽ.പി.സ്കൂളുകളിലേക്ക് കളിയുപകരണങ്ങൾ വാങ്ങൽ - ഓഫറുകളിലെ സ്പെസിഫിക്കേഷനിൽ ഏകീകൃത സ്വഭാവമില്ല - കുറഞ്ഞ ക്വട്ടേഷൻ നൽകിയ സ്ഥാപനത്തിൽ നിന്നും വാങ്ങിയില്ല

പ്രോജക്ട് നമ്പർ - S0071/20

അടങ്കൽ - 100000/- (മെയിന്റനൻസ് ഫണ്ട് -നോൺ റോഡ്)

ചെലവ് - ബിൽ നം.4/28.2.20 - 47040/-

നിർവ്വഹണം - എച്ച്.എം.ജി.എൽ.പി.എസ്.കോഴിമുക്ക്

എച്ച്.എം. നിർവ്വഹണം നടത്തിയ സ്കൂളുകളിലേക്ക് കളിയുപകരണങ്ങൾ എന്ന പ്രോജക്ടിലുൾപ്പെടുത്തി മെറിഗോ റൌണ്ട് 2 എണ്ണം ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, ആനക്കൽ, കാഞ്ഞിരപ്പള്ളിയിൽ നിന്ന് വാങ്ങിയിട്ടുണ്ട്. 26.7.19 ലെ എ4-5344/19 നമ്പർ ക്വട്ടേഷൻ നോട്ടീസ് പ്രകാരം മൈൽഡ് സ്റ്റീലിലുള്ള 4 സീറ്റർ മെറിഗോ റൌണ്ട് ആണ് ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിന് ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, ആനക്കൽ,ജോജിൻ ഇൻഡസ്ട്രീസ്, മുത്തോലി, പാല, പ്ലാസ്സ എന്റർപ്രസ്സസ്, കലഞ്ഞൂർ എന്നീ സ്ഥാപനങ്ങളാണ് ഓഫറുകൾ സമർപ്പിച്ചിട്ടുള്ളത്.ഓരോ സ്ഥാപനവും സമർപ്പിച്ച സ്പെസിഫിക്കേഷനുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | സ്പെസിഫിക്കേഷൻ | നിരക്ക് |
|---|---|---|---|
| 1 | ഡ്രീം ഇൻഡ്യ സ്കൂൾ എയിഡ്, ആനക്കൽ | DIAMETER 130 CM*HEIGHT 75CM, FOUR SEATER MADE WITH 40*10MMGI, OUTER FRAME 20MM, FOOT REST 25MM ROUND GI, CENTRE PIPE 50MM ROUND GI WILL HAVE SUPPORT OF 4 PC 25MM PIPE, LONG LASTING DOUBLE WIRING SYSTEM WHICH CAN REFIT, ATTRACTIVE COLOUR PAINT WHICH CAN RESIST HEAT AND RAIN | 21000+12% GST = 23520/- |
| 2 | ജോജിൻ ഇൻഡസ്ട്രീസ്, മുത്തോലി, പാല | മെറിഗോ റൌണ്ട് -4 സീറ്റർ, മൈൽഡ് സ്റ്റീൽ | 21800/- |
| 3 | പ്ലാസ്സ എന്റർപ്രസ്സസ്, കലഞ്ഞൂർ | മെറിഗോ റൌണ്ട് - 4 സീറ്റർ, മൈൽഡ് സ്റ്റീൽ 1"x2"x1 1/4"pipe | 12900 |
| | | മെറിഗോ റൌണ്ട് - 4 സീറ്റർ, മൈൽഡ് സ്റ്റീൽ 2"x1 1/2"x1 1/2"pipe | 16900 |
| | | മെറിഗോ റൌണ്ട് - 4 സീറ്റർ, മൈൽഡ് സ്റ്റീൽ 3"x1 1/2"x1 1/2"pipe | 19900 |

ലഭ്യമായ ഓഫറുകൾ പരിശോധിച്ചതിൽ സ്പെസിഫിക്കേഷനിൽ ഏകീകൃത സ്വഭാവം ഇല്ലന്ന് കാണുന്നു. ക്വട്ടേഷനിൽ

ആവശ്യപ്പെട്ട രീതിയിലുള്ള സ്പെസിഫിക്കേഷൻ ജോജിൻ ഇൻഡസ്ട്രീസ് എന്ന സ്ഥാപനമാണ് നൽകിയിട്ടുള്ളത്. വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ഓഫറുകൾ ലഭിച്ചിരിക്കെ അതിൽ വ്യക്തത വരുത്താതെ 13.8.19 ലെ പ്രൊക്വയർമെന്റ് കമ്മറ്റിയിൽ ഡ്രീം ഇൻഡ്യ സ്റ്റൂൾ എയിഡ്, ആനക്കൽ എന്ന സ്ഥാപത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കാമെന്ന് തീരുമാനിയ്ക്കുകയാണുണ്ടായിട്ടുള്ളത്. ഇപ്രകാരം വ്യത്യസ്ത സ്പെസിഫിക്കേഷനിലുള്ള ഓഫറുകളിൽ വ്യക്തത വരുത്താതെ ഡ്രീം ഇൻഡ്യ സ്റ്റൂൾ എയിഡിൽ നിന്ന് വാങ്ങൽ നടത്തിയതിന് വിശദീകരണം ലഭ്യമാക്കുവാനും ഉപകരണങ്ങളുടെ വാറന്റി/ഗ്യാരന്റി കാർഡുകളും പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട്. 15/14.2.21 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ട രീതിയിലുള്ള സ്പെസിഫിക്കേഷനിലുള്ളതും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്തതുമായ ജോജിൻ ഇൻഡസ്ട്രീസിൽ നിന്ന് ഉപകണങ്ങൾ വാങ്ങാതിരുന്നതു വഴി 3440/- രൂപയുടെ (23520x2 – 21800x2) അധിക ചെലവ് ഉണ്ടായിട്ടുണ്ട്. 13.8.19 ലെ പ്രൊക്വയർമെന്റ് കമ്മറ്റിയിലെ തീരുമാനപ്രകാരമുള്ള വാങ്ങൽ നടത്തിയതിനാലുള്ള അധിക ചെലവ് ആയതിനാൽ ഈ തുക 13.8.19 ലെ പ്രൊക്വയർമെന്റ് കമ്മറ്റിയിൽ പങ്കെടുത്തവരിൽ വി.ഇ.ഒ. ഒഴികെയുള്ളവരുടെ ബാധ്യതയായി നിശ്ചയിക്കുന്നു.

### 3-2 വാഹനം അറ്റകുറ്റപ്പണിയ്ക്ക് വർക് ഷോപ്പിലായിരുന്ന ദിവസങ്ങളിൽ ഡ്രൈവർക്ക് വേതനം അനുവദിച്ചു

ഗ്രാമപഞ്ചായത്തിന്റെ വാഹനം അറ്റകുറ്റപ്പണികൾക്കായി കായംകുളം കമ്പൻപുഴ എഞ്ചിനീയറിംഗ് വർക്സിൽ 28.5.19 മുതൽ 31.5.19 വരെ ഉണ്ടായിരുന്നുവെന്നും ആ ദിവസങ്ങളിൽ ഡ്രൈവർ വർക്ക് ഷോപ്പിൽ ഹാജരായതായുള്ള അറ്റകുറ്റപ്പണി നടത്തിയ സ്ഥാപനത്തിന്റെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ഡ്രൈവറായ ജോമോൻ ജോർജ്ജിന് വൌച്ചർ നമ്പർ 21900178/12.6.19 പ്രകാരം 2800/- രൂപ നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണി നടത്തിയ ദിവസങ്ങളിലെല്ലാം ഡ്രൈവർ വർക്ക് ഷോപ്പിൽ ഹാജരാവേണ്ടതിന്റെ ആവശ്യകത ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. സ്വകാര്യ വർക്ക് ഷോപ്പിന്റെ സാക്ഷ്യപത്രത്തെ ആധാരമാക്കി ദിവസവേതനം നൽകിയതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം - 41/17.2.22 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുമില്ല. മേൽ അപാകതകളാൽ 2800/- രൂപയുടെ ചെലവ് അനുവദിയ്ക്കുന്നില്ല. തുക തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2500000 | Life Housing | 1120154 | 1379846 |
| | | 200000 | Anganavadi Nutrition | 80129 | 119871 |
| | | 200000 | Disability Scholarship | 100000 | 100000 |
| | | 100000 | Paliative Care | 100000 | 0 |
| | | 250000 | Milk Incentive | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 3,10,000 | Life Housing | 3,10,000 | 0 |
| | | 100000 | Anganvadi Nutrition | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 100000 | Disability Scholarship | 100000 | 0 |

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | Deposit For Electric Post Changing In Ward 14 | ബില്ല് നം.21,22(08/11/19) 2773333(08/11/19) | 1,10,904 | 0 | 1,10,904 |
| KSEB | Deposit For Electric Post Changing In Ward 7 | | 89,521 | 89,521 | 0 |
| KSEB | Deposit For Electric Post Changing In Ward 12 | 21900986(29/02/20) | 17,639 | 0 | 17,639 |

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ / വായ്പ തിരിച്ചടവ്

2019-20 വർഷം വായ്പ ഇനത്തിൽ 1200000/-രൂപയുടെ വരവുണ്ട്.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ആകെ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷ വരവ് ഉൾപ്പെടെ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| ഹഡ്കോ വായ്പ | - | 11400000 | 9720000 | 10920000 | 983529 | | 9936471 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ റിപ്പോർട്ട്- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടികജാതി/പട്ടികവർഗ്ഗ പദ്ധതികളുടെ നിർവ്വഹണം. | | 2015-16 | 3.6.2 | അടിസ്ഥാന സൗകര്യ വികസനം | മറുപടി സമർപ്പിച്ചിരുന്നു |

4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | | 63210834 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 54138557 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 6240 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1674272 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവചെയ്യാവുന്നവ | |
| 3-1 | | 2800 | ബി.ബാലകൃഷ്ണപിള്ള, സെക്രട്ടറി |
| 3-2 | | 3440 | രാജേന്ദ്രൻ.ജി., സെക്രട്ടറി, പ്രൊക്വയർ കമ്മറ്റി അംഗം |
| | | | ജെയിൻ മാത്യൂ, മെമ്പർ, പ്രൊക്വയർ കമ്മറ്റി അംഗം |
| | | | കുരുവിള ജോസഫ്, ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ, പ്രൊക്വയർ കമ്മറ്റി അംഗം |
| | | | സെബാസ്റ്റ്യൻ, മെമ്പർ, പ്രൊക്വയർ കമ്മറ്റി അംഗം |
| | | | എം.വി.സുരേഷ്, മെമ്പർ വാർഡ് - 14,പ്രൊക്വയർ കമ്മറ്റി അംഗം |
| | | | റ്റി.റ്റി.തോമസ്, ക്ഷേമകാര്യ കമ്മറ്റി |

| | | | |
|---|---|---|---|
| | | | ചെയർമാൻ, പ്രൊക്വയർ കമ്മറ്റി അംഗം |
| | | | റോസമ്മ ആന്റണി, വികസനകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ, പ്രൊക്വയർ കമ്മറ്റി അംഗം |
| | | | ആനി ഈപ്പൻ, പ്രസിഡന്റ്,പ്രൊക്വയർ കമ്മറ്റി അംഗം |
| | | 6240 | |

**(സി)** ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 46840 | ജി.രാജേന്ദ്രൻ, സെക്രട്ടറി |
| 1-17 | 17139 | ജി.രാജേന്ദ്രൻ, സെക്രട്ടറി |
| 1-20 | 177720 | ദിനൽരാജ്.വി.എച്ച്, വി.ഇ.ഒ |
| 1-22 | 225000 | ബി.ബാലകൃഷ്ണപിള്ള, സെക്രട്ടറി |
| 1-27 | 49200 | സുധർമ. കെ.പി, എച്ച്.എം |
| 1-31 | 6420 | ശ്രീമതി. സിനി. സി. ജോസഫ് മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) |
| 1-33 | 312500 | ജ്യോതിമോൻ പി.ബി, വെറ്റിനറി സർജൻ |
| 1-34 | 600000 | സുധർമ. കെ.പി, എച്ച്.എം |
| 1-35 | 42504 | ബി.ബാലകൃഷ്ണപിള്ള, സെക്രട്ടറി |
| 1-36 | 40700 | ജി.രാജേന്ദ്രൻ, സെക്രട്ടറി |
| 1-37 | 11305 | ജി.രാജേന്ദ്രൻ, സെക്രട്ടറി |
| 1-38 | 34040 | ജി.രാജേന്ദ്രൻ, സെക്രട്ടറി |
| 1-44 | 110904 | ജി.രാജേന്ദ്രൻ, സെക്രട്ടറി |
| | 1674272 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | |
|---|---|---|
| 1-28 | 82734 | ജി.എസ്.റ്റി |
| 1-23 | 8190 | സ്റ്റേറ്റ് കൺസോൾഡേറ്റഡ് ഫണ്ട് |
| | | |

**(ഡി)** നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

**(ഇ)**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.ബാലകൃഷ്ണപിള്ള, സെക്രട്ടറി | സെക്രട്ടറി ,കരീപ്ര ഗ്രാമപഞ്ചായത്ത് | ശ്രീഹരി, മീയന്നൂർ,കൊല്ലം |
| രാജേന്ദ്രൻ.ജി., സെക്രട്ടറി, | സെക്രട്ടറി ,അമ്പലപ്പുഴ സൌത്ത് ഗ്രാമപഞ്ചായത്ത് | സൌപർണ്ണിക, വണ്ടാനം പി.ഒ., ആലപ്പുഴ |
| ജെയിൻ മാത്യു | മെമ്പർ, പ്രൊക്വയർ കമ്മറ്റി അംഗം | കറുകയിൽ, എടത്വാ പി.ഒ |
| കുരുവിള ജോസഫ് | ധനകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ, പ്രൊക്വയർ കമ്മറ്റി അംഗം | പുന്നാടംപാക്കൽ, പാണ്ടങ്കരി |
| സെബാസ്റ്റ്യൻ | മെമ്പർ, പ്രൊക്വയർ കമ്മറ്റി അംഗം | ആശാൻപറമ്പിൽ, ചങ്ങംകരി |
| എം.വി.സുരേഷ് | മെമ്പർ വാർഡ് - 14,പ്രൊക്വയർ കമ്മറ്റി അംഗം | മണ്ണാറപറമ്പിൽ, പച്ച-ചെക്കിടിക്കാട് പി.ഒ |
| റ്റി.റ്റി.തോമസ് | ക്ഷേമകാര്യ കമ്മറ്റി ചെയർമാൻ, പ്രൊക്വയർ കമ്മറ്റി അംഗം | തോട്ട്കടവിൽ, പച്ച-ചെക്കിടിക്കാട് പി.ഒ |
| റോസമ്മ ആന്റണി | വികസനകാര്യ സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ, പ്രൊക്വയർ കമ്മറ്റി അംഗം | പുത്തൻപുരയ്ക്കൽ, എടത്വാ പി.ഒ |
| ആനി ഈപ്പൻ | പ്രസിഡന്റ്,പ്രൊക്വയർ കമ്മറ്റി അംഗം | ഇടത്തിൽ പുത്തൻപറമ്പിൽ, എടത്വാ പി.ഒ. |
| ദിനൽരാജ്.വി.എച്ച്, വി.ഇ.ഒ | വി.ഇ.ഒ എടത്വ ഗ്രാമപഞ്ചായത്ത് | വളപ്പിൽ, ആര്യാട് നോർത്ത് പി.ഒ. ആലപ്പുഴ |
| ഡോ.ജ്യോതിമോൻ പി.ബി, വെറ്റിനറി സർജൻ | വെറ്റിറിനറി ഡിസ്പെൻസറി, എടത്വാ | അശ്വതി, വഴുവാടി, തഴക്കരപി.ഒ. മാവേലിക്കര |
| സുധർമ. കെ.പി, എച്ച്.എം | എച്ച്.എം,ജി.എൽ.പി.എസ് ,കോഴിമുക്ക് സൗത്ത് ,എടത്വാ | കീർത്തനം .എടത്വാ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.എ3-707/97, 11.12.97/7.2.98 |

| | |
|---|---|
| 1997-98 (ചെലവ്) | എൽ.എഫ്.എ3 – 1138/99/ 13.3.2000/8..6.2000 |
| 1998-99 (ചെലവ്) | എൽ.എഫ്.ജിഎ5-1832(1)/11/24.1.2012 |
| 1999-00, 01-02 (പദ്ധതി) | എൽ.എഫ്.ജിഎ5-1832/11/24.1.2012 |
| 1999-00 (പദ്ധതി ഒഴികെ) | എൽ.എഫ്.ജിഎ5-1832/24.1.2012 |
| 2002-03 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2003-04 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2004-05 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2005-06 | എൽ.എഫ്.ജിഎ5-1832/30.1.2012 |
| 2006-07 | എൽ.എഫ്.എ.പി8 –311/11/23.9.11/30.9.11 |
| 2007-08 | എൽ.എഫ്.എ.പി8 –312/23.9.11/30.9.11 |
| 2008-09 & 2009-10 | എൽ.എഫ്.എ.പി1 –626/12/24.9.12 |
| 2010-11, 2011-12 & 2012-13 | എൽ.എഫ്.എ.പി1 – 1482/13/3.4.14/7.6.14 |
| 2013-14 | കെ.എസ്.എ-എ.എൽ.പി/ പി1-1539/15/ 9.12.15/1.1.16 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/ പി1-826/16 /28.07.2016 |
| 2015-16 | കെ.എസ്.എ-എ.എൽ.പി/പി1- 1526/16 /14.01.17 |
| 2016-17 | കെ.എസ്.എ-എ.എൽ.പി/പി1- 1201/17 /16.09.2017 |
| 2017-18 | കെ.എസ്.എ-എ.എൽ.പി/പി1- 234/19 /04.05.2019 |
| 2018-19 | കെ.എസ്.എ-എ.എൽ.പി/പി1- 531(A)/2019 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.
.
.
.
.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ എടത്വ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്